സീയോൻസന്ദേശം

SION SANDESAM

പുസ്തകം 1 | ഒക്ടോബർ 15 1953. | ലക്കം 4

വിഷയവിവരം

1. വിശുദ്ധ സഭ — നെടുന്തള്ളിൽ ഗീവറുഗീസ്സ് കത്തനാർ
പി. ഐ. കുര്യൻ
2. യഥാർത്ഥ പുരോഗതി —
ഫാദർ ജോൺ
3. മംഗളം —
ഫാദർ വറുഗീസ്സ് ജെയിംസ്സൺ
4. മരണാനന്തരാവസ്ഥ —
ഫാദർ കെ. സി. മക്കോസ്സ്
5. അപ്പോക്രീപ്പാ —
6. മുളന്തുരുത്തി മർത്തോമ്മാൻ പള്ളിച്ചരിത്രം —
പി. എം. പത്രോസ്സ്
എ. വി. എം.
7. ചിന്താസരണി —
വി. വി. സി.
8. എന്നാൽ പോകാം (ചെറുകഥ) —
ജെ. പി. തരിയതു്
9. നല്ല മനുഷ്യന്റെ ചവിട്ടടികൾ —
എസ്സ്. പി.
10. കള്ളന്റെ മാനസാന്തരം —
11. മനുഷ്യൻ സാരമാക്കാത്ത ധനം —
(കവർപേജ്-2) പി. എസ്സ്. ജോൺ

—സീയോൻ ബാലസംഘം—

അംഗങ്ങൾ

13. കെ. ജെ. ഇട്ടൻ കരിമണ്ണൂർ
14. പി. എസ്സ്. ജോയി
പാലക്കാട്ട്, കരിങ്ങാച്ചിറ.
15. പി. എസ്സ്. ബാലൻ ”
16. കെ. കെ. സൈമൺ കാഞ്ഞിരത്തിങ്കൽ
തൃപ്പൂണിത്തുറ.
17. ടി. വി. ജോൺ സെന്റ് മേരീസ്
സണ്ടേസ്കൂൾ തൃപ്പൂണിത്തുറ
18. ടി. ടി. ബേബി ”
19. കെ. കെ. ഏലിശബത്ത് ”
20. കെ. കെ. മത്തായി ”
21. കെ. പി. കുരിയൻ ”
22. പി. വി. അച്ചാമ്മ ”
23. പി. പി. ഉക്കുറു, സെന്റ് ജോർജ്ജ്
സണ്ടേസ്കൂൾ, ചേലക്കര.
24. എം. എം. വറതപ്പൻ ”
25. ടി. വി. ചാക്കോച്ചൻ ”
26. എം. വി. ചാക്കുട്ടി ”
27. എം. ഐ. ജോസ്സ് ”
28. കെ. എം. ചുമ്മാർ ”
29. സി. വി. ഇട്ടൂപ്പ് ”
30. കെ. സി. ചാക്കോച്ചൻ ”
31. വി. സി. ജോസ്സ് ”
32. സി. വി. വറതപ്പൻ ”
33. എം. ഐ. മാത്യു ”
34. സി. കെ. ഇട്ടിമാത്തു ”
35. വി. ഐ. ജോർജ്ജ് ”
36. സി. ടി. കുരിയപ്പൻ ”
37. എം. എം. ജോർജ്ജ് ”
38. എൻ. വി. കുരിയപ്പൻ ”
39. പി. വി. മാത്യു ”
40. ടി. സി. കുരിയാക്കോസ്സ് ”

[തുടരും]

മനുഷ്യൻ സാരമാക്കാത്ത ധനം

ഒരിക്കൽ ഒരു യുവാവ് തന്റെ ദാരിദ്ര്യാവസ്ഥയിൽ അസംതൃപ്തനായി ദൈവപരിപാലനത്തെ തള്ളിപ്പറയുവാൻ തുടങ്ങി. അവൻ ഇപ്രകാരം പറഞ്ഞു:- ദൈവം മററുള്ളവർക്കെല്ലാം ആവശ്യത്തിൽ അധികം ധനം കൊടുക്കുന്നു. എനിക്ക് ഒന്നും തരുന്നില്ല. ധനം ഇല്ലാത്ത ഞാൻ എങ്ങനെയാണ് നിത്യവൃത്തി കഴിക്കുന്നതു്.

ഒരു സൽസ്വഭാവി ഇതുകേട്ട് യുവാവിനോട്ട് പറഞ്ഞു. "സ്നേഹിതാ താൻ വിചാരിക്കുന്നതുപോലെ അത്ര നിർദ്ധനനാണോ താൻ ഒരിക്കലുമല്ല. യുവത്വവും ശക്തിയും ദൈവം നിങ്ങൾക്കു നല്കിയിട്ടുണ്ടല്ലോ"

ഇതു കേട്ട് യുവാവ് പറഞ്ഞു. "യുവത്വവും മററും ഉള്ളതുകൊണ്ട് ധനവാനാകുവാൻ കഴിയുമോ?"

സ്നേഹിതൻ ഇപ്രകാരം തുടന്നു.

"നിങ്ങൾക്ക് ഒരു 1000 രൂപാ തരാം. താങ്കളുടെ വലത്തേ കൈ മുറിച്ചു എനിക്കു തരാമോ"

യുവാവ്:- ഇല്ല. ഒരിക്കലും തരില്ല.

സ്നേഹിതൻ:- എന്നാൽ മറേറ കയ്യോ

യുവാവ്:- അതും ഇല്ല.

ആകട്ടെ 10 ലക്ഷം രൂപ തരാം ഒരു കുരുടനായി കഴിയാമോ?

ഇല്ല. എന്തു തുക തരാമെന്നു പറഞ്ഞാലും എന്റെ ഒരു കണ്ണും നഷ്ടപ്പെടുത്താൻ ഞാൻ അനുവദിക്കയില്ല.

സ്നേഹിതൻ:- കാണുക യുവാവേ! യഹോവായായ ദൈവം നിങ്ങൾക്ക് എത്ര വിലഏറിയ സമ്പത്തു തന്നിരിക്കുന്നു. ഇങ്ങനെ എല്ലാമായിട്ടും നിങ്ങൾ ദൈവത്തെ കുററപ്പെടുത്തുന്നതു് ന്യായമാണോ.?

By P. S. John (ബാലസംഘം No. 3)
High School, Karimanoor.

സീയോൻ സന്ദേശം

പുസ്തകം 1	ഒക്ടോബർ 15, 1953.	ലക്കം 4

വിശുദ്ധ സഭ

നെടുന്തള്ളിൽ ഗീവറുഗീസുകത്തനാർ,
കോതമംഗലം.

(All rights reserved to the writer)

I
വി. സഭ രക്ഷയുടെ ഏകമാർഗ്ഗം

വി. സഭ, ലോകത്തിൽ നിന്നു് വേർതിരിക്കപ്പെട്ട്, കർത്താവേശുമിശിഹായുടെ മനുഷ്യാവതാരശരീരത്തോട്ട് സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന ജനങ്ങളുടെ സമൂഹം, അല്ലെങ്കിൽ, തന്റെ മനുഷ്യാവതാരശരീരത്തിന്റെ തുടച്ച്, ആകുന്നു.

വി. സഭ രക്ഷയുടെ ഏക വഴിയാകുന്നു. ദൈവത്താൽ നിയമിതമായ രക്ഷയുടെ ഏകമാർഗമാണു് സഭയെന്നുള്ള വിശ്വാസം, ആരംഭം മുതലെ വിശ്വാസപ്രമാണത്തിന്റെ ഒരു ഭാഗമാണു്. ഒരു സമൂഹമായിട്ട്, ഒന്നിച്ച് മനുഷ്യരെ രക്ഷിക്കണമെന്നല്ലാതെ, ഓരോരുത്തരേയും തനിച്ച് തനിച്ച് രക്ഷിക്കയെന്നുള്ളതു് ഒരിക്കലും ദൈവത്തിന്റെ പ്ലാൻ ആയിരുന്നില്ല. "രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനംപ്രതി സഭയോടു ചേർത്തു" (അപ്പ-പ്ര- 2: 47) പൊതുവായിട്ടല്ലാതെ, അല്ലെങ്കിൽ, സകല ദൈവമക്കളോടു കൂടെയുള്ള സഖ്യതയിലല്ലാതെ, തനിച്ച് നിന്നിട്ട്, ഒരുത്തനു് രക്ഷപെടുവാൻ കഴിയുന്നതല്ല. അതുകൊണ്ടാണു് "കാതോലികവും അപ്പസ്തോലികവുമായ ഏക വി. സഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്നുള്ള ഏററുപറച്ചിൽ അത്ര പ്രാധാന്യം അർഹിക്കുന്നതു്. ഇതിന്റെ അർത്ഥം, മനുഷ്യവർഗം രക്ഷപെടുന്നതിനു് ഏകമാർഗമായി ക്രിസ്തുവിനാൽ സ്ഥാപിതവും ഇപ്പോഴും പണിയപ്പെട്ടുകൊണ്ടിരിക്കുന്നതുമായ സഭയിൽ നാം വിശ്വസിക്കുന്നു എന്നാകുന്നു. (വി. മത്തായി 16 : 18.)

"വഴി" എന്നുള്ളതു് വി. സഭയ്ക്കു് ആരംഭം മുതലെ സാധാരണയായി കൊടുക്കപ്പെട്ട ഒരു പേരാകുന്നു. കർത്താവ് തനിക്കുതന്നെ ഈ പേരിനെ ആദ്യം ഉപയോഗിച്ചു. "ഞാൻ വഴിയും, സത്യവും, ജീവനും ആകുന്നു. ഒരുത്തൻ എന്നിൽ കൂടിയല്ലാതെ പിതാവിന്റെ അടുക്കൽ വരുന്നില്ല." (വി. യോഹ. 14:6) ആദിമ ക്രിസ്ത്യാനികൾ കർത്താവിന്റെ ശരീരമാകുന്ന വി. സഭക്കും (എഫെ 1:23) ഈ നാമം ഉപയോഗിച്ചു. പുരോഹിതസ്ഥാനം, കൂദാശകൾ, പൊതുവാരാധന ഇവയോടുകൂടി കർത്താവിനാൽ സ്ഥാപിതമായ സമൂഹത്തെ, അപ്പസ്തോല പ്രവർത്തനപുസ്തകത്തിൽ ആറു പ്രാവശ്യത്തിൽ കുറയാതെ "മാർഗം" എന്നു വിളിച്ചിട്ടുണ്ടു്. (അപ്പ-പ്ര. 9:2; 19:9; 19:23; 22:4; 24:14, 22) "അവിടെ ഒരു പെരുവഴിയും പാതയും ഉണ്ടാകും; അതിനു് വിശുദ്ധ വഴി എന്നു പേരാകും; അശുദ്ധനും അതിൽകൂടി കടന്നുപോകയില്ല; അവൻ അവരോടുകൂടെ ഇരിക്കും; വഴിപോക്കർ, ഭോഷന്മാർപോലും വഴിതെററിപ്പോകയില്ല" (ഏശായ 35:8)

മനുഷ്യർ രക്ഷിക്കപ്പെടേണ്ടതിനു് ഏക നാമം (അപ്പ. പ്ര. 4:12) ഉള്ളപ്രകാരം, ഒരു ഏകമാർഗവും ഉണ്ടായിരിക്കേണമെന്നുള്ളതു് കർത്താവിന്റെ ഉദ്ദേശമാകുന്നു. കള്ളപ്രവാച

കരിൽനിന്നു സൂക്ഷിച്ചുകൊള്ളേണമെന്നുള്ള തന്റെ ഉപദേശവും (വി. മത്തായി 7:15; 24:11, 24; വി. യോഹ. 10:12) ഒരു ദൃശ്യയോജ്യതയുടെ ആവശ്യാൎത്ഥമുള്ള പ്രാൎത്ഥനയും (വി. യോഹ. 17:21) കാണുക. "ഏക ശരീരവും ഏക ആത്മാവും" എന്നും (1 കോറ. 12:13) "ഒരു കൎത്താവും, ഒരു വിശ്വാസവും, ഒരു മാമോദീസായും" എന്നും (എഫെ 4:14) പറഞ്ഞിരിക്കുന്നതും "കാതോലികവും അപ്പസ്തോലികവും ആയ ഏക വി. സഭ"യെന്നുള്ള ആരംഭം മുതലെയുള്ള വിശ്വാസവും ശ്രദ്ധേയമാണു്.

ഓരോ ആളുകളേയും തിരിച്ചു തിരിച്ചല്ലാതെ, മനുഷ്യരെ രക്ഷിക്കുന്നതിനു് കൎത്താവു്, ഈ മാൎഗ്ഗത്തെ തെരഞ്ഞെടുക്കുന്നതിനുള്ള ഒരു വലിയ കാരണം, സ്നേഹം—ദൈവത്തോടും സമസൃഷ്ടങ്ങളോടുമുള്ള സ്നേഹം—കൂടാതെ ഒരുത്തനും രക്ഷിക്കപ്പെടുക അസാദ്ധ്യമാകയാലാകുന്നു. തന്റെ സമസൃഷ്ടങ്ങളെ വിട്ടു് രക്ഷപെടുവാൻ ആഗ്രഹിക്കുന്നതു് ഒരാൾ തന്നിഷ്ടക്കാരനാണെന്നു് കാണിക്കയാകുന്നു. ഒരു സ്വാൎത്ഥനും രക്ഷപെടുകയില്ല. നാം രക്ഷ പ്രാപിക്കുന്നതിനു മുമ്പെ, മററുള്ളവരുടെ നന്മയെക്കുറിച്ചു് നാം കരുതേണ്ടതാണു്. സഭയുടെ മുൻകുറിയാകുന്ന നോഹയുടെ പെട്ടകത്തിലെ ആളുകൾ ഓരോരുത്തരും തങ്ങൾക്കു ഓരോ ബോട്ടുണ്ടാക്കുവാൻ ശ്രമിക്കയായിരുന്നാലുള്ള സ്ഥിതി ഒന്നൂഹിച്ചുനോക്കുക. ആകയാൽ വി. കാതോലികസഭയിൽ നാം വിശ്വസിക്കുകയെന്നാൽ, രക്ഷാമാൎഗ്ഗമായി കൎത്താവു് നിയമിച്ചിട്ടുള്ള സംഘത്തിലോ, രാജ്യത്തിലോ, കുടുംബത്തിലോ, സഭയിലോ ഉള്ള ഓരോരുത്തരേയും സ്നേഹിക്കയും സഹായിക്കയും ചെയ്യുന്നതിനാൽ മാത്രമെ നാം രക്ഷപെടുകയുള്ളു എന്നു് നാം വിശ്വസിക്കയാകുന്നു.

നമ്മുടെ കൎത്താവു് തന്റെ സഭയെ, രക്ഷയുടെ ഒരു നിയമിതമാൎഗ്ഗമായി സ്ഥാപിച്ചു എന്നുള്ളതു് സത്യംതന്നെ. ആകയാൽ നാം അതിൽ വിശ്വസിക്കയും അതിനോടു സത്യമുള്ളവരായിരിക്കയും ചെയ്യേണ്ടതു് വളരെ പ്രധാനമാണു്. എങ്ങിനെയായാലും, സഭയിൽ ഉൾപ്പെടാത്ത എല്ലാവരും നശിച്ചുപോകുമെന്നു വിചാരിക്കണമെന്നില്ല. ക്രിസ്തുവിന്റെ സുവിശേഷം ഒരിക്കലും കേട്ടിട്ടില്ലാത്തവരും വി. സഭയിൽ ചേരുവാൻ യാതൊരു സന്ദൎഭവും ഉണ്ടായിട്ടില്ലാത്തവരുമായി അനേകലക്ഷം ഭക്തിയുള്ള വിജാതിയർ കാണും. ക്രിസ്തീയനാടുകളിൽ തന്നേയും പലൎക്കും സത്യം ശരിയായി നല്കപ്പെടാതേയും ഉണ്ടായിരിക്കും. ഈ പ്രകാരമുള്ളവരെ സംബന്ധിച്ചു് നമുക്കു് പറവാനുള്ളതു് ദൈവം ഒരു സ്നേഹമുള്ള പിതാവെന്നും ഏററവും നീതിജ്ഞനായ ഒരു യജമാനനെന്നും താൻ ഓരോരുത്തനും നൽകിയിട്ടുള്ള ഏനങ്ങളുടെ സ്ഥിതിയനുസരിച്ചു് ഓരോരുത്തനേയും താൻ വിധിക്കുമെന്നും ആകുന്നു. "യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ടു് ഒരുങ്ങാതേയും അവന്റെ ഇഷ്ടം ചെയ്യാതേയുമിരിക്കുന്ന ദാസനു് വളരെ അടികൊള്ളും. അറിയാതെ കണ്ടു് അടിക്കു യോഗ്യമായതു് ചെയ്തവനൊ കുറയ അടികൊള്ളും. വളരെ ലഭിച്ചവനോടു് വളരെ ആവശ്യപ്പെടും; അധികം ഏററുവാങ്ങിയവനോടു് അധികം ചോദിക്കും." (വി. ലൂക്കോ. 12:47, 48) റോമ 2:6, 17 കാണുക. എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം ഒഴിവുകഴിവു എന്തു്? നാം അതിൽ നമ്മുടെ വിശ്വാസം ഏററുപറകയും എപ്പോഴും വിശ്വാസപ്രമാണം ചൊല്ലുകയും ചെയ്യുന്നതായി വി. കാതോലിക സഭയായ ഒരു സഭയെ നമ്മുടെ കൎത്താവു് സ്ഥാപിച്ചു എന്നു് പുതിയ നിയമത്തിൽ നിന്നു് നാം അറിയുന്നു. വി. മാമോദീസായാൽ അതിലേക്കു പ്രവേശിപ്പാനം, പ്രവേശിച്ച ശേഷം അതിൽ തന്നെ നിലനില്പാനും, താൻ കല്പിച്ചിട്ടുള്ളതെല്ലാം പ്രമാണിച്ചു നടപ്പാനും, എല്ലാവരോടും താൻ കല്പിച്ചിട്ടുള്ളതിനെ നാം അറിയുന്നു. (വി. മത്താ. 28:19, 20.) ആകയാൽ ഈ സഭ എന്തെന്നും എവിടെയെന്നും നാം അറിയേണ്ടതും അതിൽ വിശ്വസ്തരായി ജീവിക്കേണ്ടതും വളരെ ആവശ്യമാണു്.

—തുടരും—

യഥാൎത്ഥ പുരോഗതി

By P. I. Kurian.

ആദ്യലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്ന എന്റെ ലേഖനത്തിൽ, ദുഃഖഭാരം ലഘൂകരിക്കുന്നവ, ഭക്തിയും സാഹിത്യവുമാണെന്നു സൂചിപ്പിച്ചിരുന്നതായി വായനക്കാരിൽ ചിലരെങ്കിലും സ്മരിച്ചിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഭക്തികൊണ്ടു ആശ്വാസം കൊള്ളുന്നതിനു കഴിവുള്ളവർ കേവലം ന്യൂനപക്ഷം മാത്രമെ ഉള്ളു. ഭക്തിയുടെ അധിഷ്ഠാനം മതമാണു്. അതിലെ മൂലതത്വങ്ങൾ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ അഥവാ വേദങ്ങൾ സൂക്ഷ്മതത്വങ്ങളെ ഉൾക്കൊള്ളുന്നവയാകയാൽ അവ മനസ്സിൽ പതിപ്പിക്കുന്നതിനു സാമാന്യജനതക്കു ശേഷിയില്ല. തന്നിമിത്തം, ആ തത്വങ്ങളായ ശുഷ്കാസ്ഥികളെ, മാംസവും, രക്തവും, മജ്ജയും, തൊലിയും ചേൎത്തു് പുഷ്ടിപ്പെടുത്തി, വസ്ത്രാലങ്കാരങ്ങൾ അണിയിച്ചു്, ചേതോഹരങ്ങളായ സൗന്ദൎയ്യരൂപങ്ങൾ നിൎമ്മിച്ചു് വായനക്കാരേയോ കേൾവിക്കാരേയോ ആകൎഷിക്കുന്നതിനു സാഹിത്യകാരൻ പരിശ്രമിക്കുന്നു. ഏതു മതത്തിലേയും തത്വങ്ങൾ സാമാന്യജനങ്ങളിൽ വ്യാപരിക്കണമെങ്കിൽ സാഹിത്യം അല്ലെങ്കിൽ കല അതിൽ കലരാതെ കഴിവില്ല. ഇതു നിമിത്തമാണു് മനുഷ്യക്കു ആനന്ദം നൽകുന്നതിനു മതവും കലയും സഹോദരസ്ഥാനത്തുനിന്നു പ്രവൎത്തിക്കുന്നു എന്നു സ്ഥാപിച്ചതും മനുഷ്യന്റെ പുരോഗതിക്കു മതവും കലയും സമ്മേളിച്ചു്, പുരാതനകാലംമുതൽ അക്ഷീണയത്നം ചെയ്തിരുന്നു. മതത്തെ വിട്ടു കലയോ കലയെവിട്ടു മതമോ സഞ്ചരിച്ചിരുന്ന സന്ദൎഭങ്ങൾ അപൂൎവ്വമായിരുന്നു എന്നു വേണം പറവാൻ. എന്നാൽ ഇന്നത്തെ സ്ഥിതിയും നമുക്കു ചിന്തിക്കേണ്ടിയിരിക്കുന്നു.

സമുദായ ജീവിയായ മനുഷ്യനു സഹജീവികളിൽനിന്നും യഥാവസരം സഹായസഹകരണങ്ങൾ സിദ്ധിക്കാതിരുന്നാൽ, അവൻ ഭഗ്നോത്സാഹനായിത്തീരുക സാധാരണമാണല്ലോ. സദാ ഉൽക്കൎഷേച്ഛുവായ മാനവൻ തൽപരിഹാരാൎത്ഥം ചില ബന്ധങ്ങൾ പുലൎത്തുന്നതിനു നിൎബന്ധിതനായി. മതം, കല, സയൻസു് എന്ന മൂന്നു മണ്ഡലങ്ങളാണു് ഏതൽക്കാലപൎയ്യന്തം മനുഷ്യന്റെ ഉന്നമനത്തിനു സഹായിച്ചിട്ടുള്ളതു്. വ്യക്തി, സമുദായം, രാഷ്ട്രം എന്നിവയോടു ബന്ധപ്പെട്ട ജീവിതത്തിൽ ഉപരിസ്ഥാനം സമ്പാദിച്ചുകൊടുക്കുന്നതു സാമ്പത്തിക പരിസരമാണെന്നും, അതിനുവേണ്ടിയാണു് ഓരോരുത്തരും പരിശ്രമിക്കേണ്ടതെന്നും, അതു കരഗതമായാൽ പുരോഗതിയായിയെന്നും, പ്രജായത്തഭരണസിദ്ധാന്തത്തിൽ മനം മയങ്ങി സൈ്വരവിഹാരം ചെ

യ്യുന്ന ആധുനികലോകം ധരിച്ചുവച്ചിരിക്കുന്നതിൽ അതിശയത്തിനവകാശമില്ല. എന്നാൽ അധുനാതനർ മതത്തെ നിരസിക്കുകതന്നേയല്ല, അതു ഒരു മാരകവസ്തുവായിക്കൂടി കല്പിക്കുന്നതല്ലേ. കഷ്ടം. മതം ഏതായാലും, അഥവാ ഇല്ലെങ്കിൽ തന്നേയും തരക്കേടില്ല, മനുഷ്യൻ നന്നായാൽ മതി എന്ന തത്വമാണ് ഇന്നു ചിറകുവിരിച്ചു നഭോമണ്ഡലത്തിൽ സ്വൈരസഞ്ചാരം ചെയ്യുന്നതു്. ഉന്നതപദവി ആശിക്കുന്നവർ കലയെ വശംവദമാക്കി കാര്യസാധ്യത്തിനു അതൊരു കരുവാക്കി തീർത്തിരിക്കുന്നു. സാമ്പത്തിക ജീവികൾ സയൻസിനെ സർവ്വാത്മനാ പൂജിച്ചു്, അതിൽ സമസ്തവും സമർപ്പിച്ചു്, കുബേരപദത്തെ പ്രാപിച്ചു വിശ്വജേതാക്കളായി ഇന്നത്തെ പുരോഗതിക്കു ലോകത്തെ സഹായിച്ചിട്ടുള്ളതു സയൻസാണെന്നു സൂക്ഷ്മനിരീക്ഷണം ചെയ്യുന്നവർക്കു മനസ്സിലാക്കാൻ പ്രയാസമില്ല.

എന്നാൽ, സയൻസിൻെറ പുരോഗതിയാണോ ലോകത്തിൻെറ പുരോഗതി എന്ന സംഗതി ചിന്തനീയംതന്നെ. ലോകോപകാരാർത്ഥം സയൻസുജീവിതത്തിൻെറ ബഹിർഭാഗത്തെ പരിഷ്ക്കരിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നുള്ള നിരാക്ഷേപമാണ്. ഇന്നത്തെ മോശക്കാരായ വിദ്യാർത്ഥികൾപോലും സയൻസിനെ സംബന്ധിച്ചു് അധികജ്ഞാനം സമാർജ്ജിച്ചിരിക്കെ, എല്ലാ കാലഘട്ടത്തിലും മനുഷ്യർക്കു ഉപകരിക്കത്തക്കവിധം ധർമ്മാധർമ്മങ്ങൾ സരസമായി ഉപദേശിച്ചു സുകൃതജീവിതത്തിനു് ഉത്സാഹിപ്പിക്കുന്ന ലോകമഹാകവികളേയും, സർവ്വോപരി, മതസ്ഥാപകന്മാരേയും അപേക്ഷിച്ചു്, അവർ ഉൽകൃഷ്ടരാണെന്നു വരുന്നതാണോ? മനുഷ്യൻെറ ആന്തരാവശ്യങ്ങൾ യാതൊന്നും തന്നെ സയൻസു സാധിച്ചിട്ടില്ലെന്നുള്ളതാണ് അത്ഭുതപ്രവർത്തകനായ ആ ഔദാര്യനിധിക്കു സംഭവിച്ചിട്ടുള്ള ഒരു കുറവു്.

ലോകപുരോഗതിയുടെ യൗവ്വനകാലത്തു അതിനെ സഹായിച്ചതു യുക്തിയാണെന്നു തർക്കത്താക്കൾ നിർവ്വിശങ്കം പ്രതിപാദിച്ചിട്ടുണ്ടു്. മനുഷ്യചിന്തയിലെ നിശിതായുധമാണ് യുക്തിയെന്നു സമ്മതിക്കാതെ തരമില്ല. പ്രസ്തുത യുക്തികൾ തന്നെയാണ് മതത്തേയും കലയേയും അധഃപതിപ്പിച്ചതും. വിചാരവും ചിന്തയും പറന്നുയന്നു മതത്തേയും കലയേയും കീഴടക്കിയെന്നു യുക്തിപ്രമുഖനായ ഹെഗലും, (Hegel) പരിഷ്ക്കാരം വരുമ്പോൾ മതവും കലയും നശിക്കുമെന്നു മെക്കാളെയും, മനോമണ്ഡലം വികസിതമാകുമ്പോൾ യുക്തിവളന്നു വിചാരാംശം മാറിപ്പോകുമെന്നും വിചാരത്തിൻെറ പുരോഗതി മതത്തിനും കവിതയ്ക്കും അസഹ്യവും അനനുകരണീയവുമായിത്തീരുമെന്നും മററു ചിലരും അഭിപ്രായപ്പെടുന്നതു യുക്തിയുടെ ദോഷഫലത്തെ തെളിയിക്കുന്ന ഉത്തമ സാക്ഷ്യങ്ങൾ തന്നെ.

ജീവിതത്തെ ബാഹ്യമെന്നും അഭ്യന്തരമെന്നും രണ്ടായി പൂർവ്വികന്മാർ വിഭജിച്ചിട്ടുണ്ടു്. സയൻസുകാർക്കും, യുക്തിവാദികൾക്കും സ്വയം അനുഭവപ്പെടുന്ന ചില പരമാർത്ഥങ്ങൾ ഉണ്ടെന്ന കാരണത്താൽ, അവർ രണ്ടാംഭാഗത്തെ നിരാകരിക്കുന്നു. മനുഷ്യനുണ്ടാകുന്ന കോപതാപാദി വികാരങ്ങൾക്കു് ആസ്പദമായിട്ടു ഏതൊ ഒന്നുണ്ടെന്നും, അതു ഹൃദയമാണെന്നും എല്ലാവർക്കും അറിയാം. ഹൃദയവ്യാപാരങ്ങളെ നിയന്ത്രിക്കുന്നതിനു സയൻസിനോ യുക്തിക്കോ സാധിക്കുന്നില്ല. അവയുടെ രണ്ടിൻേറയും കേന്ദ്രസ്ഥാനം ബുദ്ധിയാകുന്നു. ബുദ്ധിയും ഹൃദയവും രണ്ടു മണ്ഡലങ്ങളിലാണ് സ്ഥിതിചെയ്യുന്നതു് ബാഹ്യമണ്ഡലത്തിൻെറ പുരോഗതിയത്രേ പരിഷ്ക്കാരം അല്ലെങ്കിൽ പുറമോടി.

ജീവിതാന്തർമണ്ഡലം ഭരിക്കുന്നതു മത

വും കലയും തന്നെ. അവയുടെ അഭാവത്തോടുകൂടിയ പരിഷ്ക്കാരം മഹോദരം ബാധിച്ച ഒരുവനു തുല്ല്യമാണ്. അതിനുള്ള പ്രത്യൗഷധം മതത്തേയോ കലയേയോ സേവിക്കുക മാത്രമാകുന്നു. അവയ്ക്കു് അത്യത്ഭുതമായ അഗാധതയും അനന്തമായ പശ്ചാത്തലവും ഉണ്ടെന്നും തത്വജ്ഞാനികൾ, ഹിമാലയത്തിലെന്ന പോലെ ചിന്തയുടെ കൊടുമുടിയിലെത്തിയാലും അവർ സംതൃപ്തരാകയില്ലെന്നും, അസ്പഷ്ടവും നിഗൂഢവുമായവ ഉണ്ടെന്നറിയുമ്പോൾ അവർ മതത്തേയോ കലയേയോ ആശ്രയിക്കുമെന്നും നീററു്ഷേ എന്ന ചിന്തകൻ വിശ്വസിക്കുന്നതായി പ്രസ്താവിക്കുന്നു.

മതവും കലയും മനുഷ്യനെ ഇതരജീവികളുടെ സ്ഥിതിയിൽ നിന്നും ഉയർത്തി ദിവ്യലോകത്തിലെത്തിക്കുന്നു എന്നതാണ് അവയുടെ ഉൽകൃഷ്ടതയ്ക്കു ഹേതുവായി തോന്നുന്നതു്. അവയിൽ നാം പ്രവേശിക്കുമ്പോൾ, ആദ്യം നമുക്കു് അത്ഭുതവും, പിന്നീടു നാം അത്യാശയോടെ തേടിയതേതോ അവിടെ ഉണ്ടെന്നുള്ള ബോധവും നമ്മിൽ ഉളവാകുന്നു. കേവലം സുകുമാരകലകളായ സംഗീതസാഹിത്യാദികൾക്കുപോലും നമ്മേ ഏകാഗ്രചിത്തവൃത്തികളാക്കുന്നതിനു കഴിവുണ്ടെന്നു അനുഭവസിദ്ധമാണല്ലോ. ആനന്ദാനുഭൂതി ഉണ്ടാകുമ്പോൾ നാം പരിസരം മറന്നു്, ദിവ്യലോകത്തിൽ വർത്തിക്കുന്നതായി തോന്നും. സംസ്ക്കാരം അല്ലെങ്കിൽ മനഃപരിഷ്ക്കാരം എന്നു നാമകരണം ചെയ്യുന്ന ആന്തരവികസനം, കലാവിലാസത്തോടുകൂടിയ മതസേവയിൽ നിന്നുമാത്രം സിദ്ധിക്കുന്നു. ഹൃദയവികസനത്തിനുപകരിക്കുന്ന സംസ്ക്കാരംതന്നെ യഥാർത്ഥപുരോഗതി.

"സന്ദേശ"ത്തിനു മംഗളം

(രഘുപതി രാഘവ)

സഭമക്കൾക്കുണർവ്വേകാനായു്
സഭയിൻ "സീയോൻ സന്ദേശം"
സർവ്വവിധം പരിപാവനമായു്
സുദിനംതന്നിൽ ഉരുവായി.
കുസുമം വികസിക്കുംനേരം
മുരളികൾ തൻ മധുനുകരാനായു്
ദളതികരങ്ങൾ ദർശിച്ചു
വരുമതിനൊരു മടി കൂടാതെ.
സഭയിൻ കുസുമം വികസിക്ക
സഭമക്കൾ നുകരും മധുവും
സന്തോഷത്തിൽ മുതിരുമ്പോൾ
സമ്മാനത്താൽ വളർത്തിടുമെ.
ചേദിക്കേണ്ട "സന്ദേശം"
കോരിച്ചൊരിയുക ജ്ഞാനത്തെ
വാരിത്തന്നു സഹായിക്കും
പാരിൽ പലരും കുതുകത്താൽ
നീണാൾ വാഴ്ക നീധരയിൽ
നീ ലേശം ക്ലേശമതെന്യേ
നിന്നാഗമനം വ്യാപാരം
നിത്യമതെന്നോർത്തീടുക നീ.

Fr. JOHN.

ഭാര്യയുണ്ടാകുന്നു

ആദാമിൻെറ വാരിയെല്ലിൽ നിന്നാണ് ഹവ്വായെ സൃഷ്ടിച്ചതെന്നു സണ്ടേസ്ക്കൂളിൽ വച്ചു് പഠിച്ചു്, വീട്ടിൽ മടങ്ങിയെത്തിയ കുട്ടിക്കു അന്നു വൈകുന്നേരം എളിക്കു ഒരു വേദന തുടങ്ങി.

അമ്മ ചോദിച്ചു:- കുഞ്ഞേ, നീയെന്തിനാണ് കരയുന്നതു്.

കുട്ടി:- അയ്യോ അമ്മേ, എനിക്കൊരു ഭാര്യയുണ്ടാകാൻ പോകുന്നു.

(S. P.)

മരണാനന്തരാവസ്ഥ (തുടർച്ച)

(Fr. Varghese James Son–Manjapra)
All rights reserved.

B
ആത്മലോകത്തിൽ ആത്മാക്കളുടെ ശുദ്ധീകരണം

സമാധിയിൽ പ്രവേശിക്കുന്ന മർത്ത്യാത്മാവു് ആത്മലോകത്തു് വെച്ചും ശുദ്ധീകരണവും വളർച്ചയും പ്രാപിക്കുമെന്നു വി: സഭ നിർവ്വചിച്ചിരിക്കുന്നു. എന്നാൽ അതിന്റെ പ്രായോഗിക സിദ്ധാന്തങ്ങളിൽ ക്രിസ്തുസഭയിൽ ചില പക്ഷാന്തരങ്ങൾ ഉണ്ടു്. യേശുക്രിസ്തുവിൽ വിശ്വസിക്കയും വി: കൂദാശകളിൽ സംബന്ധിക്കുകയും ചെയ്തവരെങ്കിലും ക്ഷന്തവ്യങ്ങളാകുന്ന പലവിധ പാപകളങ്കങ്ങളിൽപ്പെട്ടു് (Venial Sins) രക്ഷാപൂർണ്ണത പ്രാപിക്കാതെ സമാധി അടയുന്ന പരേതാത്മാക്കൾ, അവർക്കുവേണ്ടി വി: സഭയിൽ നടത്തപ്പെടുന്ന പ്രാർത്ഥനകുർബ്ബാനാദി ശുശ്രൂഷകൾ മൂലവും, ആത്മലോകത്തുവച്ചും അവർക്കുണ്ടാകാവുന്ന പശ്ചാത്താപവും പ്രാർത്ഥനയും മൂലവും, നിർവൃതി അടയുമെന്നും, രക്ഷാപൂർണ്ണതക്കുള്ള അവരുടെ കുറവുകൾ പരിഹരിക്കപ്പെടുമെന്നും, വിടവുകൾ നികത്തപ്പെടുമെന്നും, കണ്ണാടിയിൽക്കൂടി സൂര്യരശ്മികൾ പ്രതിഫലിക്കുന്നതുപോലെ ശരീരത്തിന്റെ ദുഷ്കർമ്മഫലമായി ആത്മാക്കളിൽ പ്രതിഫലിച്ചിരിക്കുന്ന പാപകളങ്കങ്ങൾ തുടച്ചു വെടിപ്പാക്കപ്പെടുമെന്നും, വി: സഭ നിർവ്വചിക്കുന്നുണ്ടു്. എന്നാൽ രക്ഷാനിർണ്ണയം പ്രാപിച്ചവർക്കാകട്ടെ അവരുടെ സമാധിവേളയിൽ വി. സഭയിൽ അവർക്കുവേണ്ടി നിർവ്വഹിക്കപ്പെടുന്ന പ്രാർത്ഥന ശുശ്രൂഷകൾ മൂലം അവരുടെ രക്ഷാനിർണ്ണയത്തിന്റെ മാററു് വർദ്ധിക്കയും തദ്വാര, നിത്യതയിൽ നക്ഷത്രപ്രകാശത്തിന്നർഹരായി സമാധി അടഞ്ഞവർ ചന്ദ്രപ്രകാശത്തിനും, ചന്ദ്രപ്രകാശത്തിന്നർഹരായി സമാധി അടഞ്ഞവർ സൂര്യപ്രകാശത്തിനും അർഹരായി ഭവിക്കയും ചെയ്യുമെന്നു് വി: സഭ പഠിപ്പിക്കുന്നു.

“നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറായി അവയവങ്ങളുമാകുന്നു” (1 കോറ. 12:27) അപ്പസ്തോലന്റെ ഈ നിർവ്വചന പശ്ചാത്തലത്തിൽ ജീവിച്ചിരിക്കുന്നവരും സമാധി അടഞ്ഞവരുമായ വിശ്വാസികളുടെ കൂട്ടം യേശുക്രിസ്തുവാകുന്ന ഏക ശരീരത്തിന്റെ ദൃശ്യാദൃശ്യ അവയവങ്ങളാണെന്നു കാണുന്നുണ്ടല്ലോ. പ്രകൃതിയുടെ നൈസർഗ്ഗികമായ പ്രമാണവെളിച്ചത്തിൽ മനുഷ്യശരീരത്തിന്റെ ആമാശയത്തിൽ നടക്കുന്ന പോഷകക്രിയകൾ മൂലം ഉല്പാദിപ്പിക്കപ്പെടുന്ന പോഷകം (Vitamin) ശരീരത്തിന്റെ ബാഹ്യാന്തർഭാഗങ്ങളിലേക്കു് ഒരേ അളവിൽ ബഹിർഗമിക്കപ്പെടുന്നതുപോലെ, വി: സഭയുടെ ആമാശയത്തിൽക്കൂടി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ദഹനക്രിയകളുടെ വ്യാപാരങ്ങളാകുന്ന പ്രാർത്ഥന കുർബ്ബാനാദിശുശ്രൂഷകൾ മൂലം ഉല്പാദിപ്പിക്കപ്പെടുന്ന ആത്മീയപോഷകം (പാപവിമോചനദാനം) ജീവിച്ചിരിക്കുന്നവരും സമാധി അടഞ്ഞവരുമായ അതിലെ എല്ലാ അവയവങ്ങൾക്കും ഒരേ അളവിൽ വിനിമയം ചെയ്യപ്പെടുന്നു. ഈ മാർഗ്ഗസഞ്ചരണംവഴി ദൈവാത്മാവു് സമാധിയിൽ പ്രവേശിച്ചിരി

ക്കുന്നവരുടെ ഇടയിലും വ്യാപരിക്കുകയും തദ്വാരാ യേശുക്രിസ്തുവിന്റെ പാപപരിഹാരയാഗമാകുന്ന ആ രക്താശയത്തിൽനിന്നു് ബഹിർഗമിച്ചുകൊണ്ടിരിക്കുന്ന പുണ്യാഹരക്തം മൂലം അവർ ദൈവകൃപയിൽ വളരുകയും ചെയ്യുന്നു. ഇതാണു് നിർവൃതി അടയുന്ന മർത്ത്യാത്മാക്കളുടെ ശുദ്ധീകരണത്തെക്കുറിച്ചുള്ള വി: സഭയുടെ നിർവ്വചനം.

എന്നാൽ റോമാസഭയാകട്ടെ മനുഷ്യന്റെ രക്ഷാശിക്ഷകളെക്കുറിച്ചും, ആത്മാക്കളുടെ ഇടക്കാലശുദ്ധീകരണത്തെക്കുറിച്ചും, വേറൊരു തരത്തിൽ നിർവ്വചിക്കുന്നുണ്ടു്. മർത്ത്യാത്മാവിന്റെ മേൽ മരണാനന്തരം ദൈവത്തിന്റെ ഒരു തനതുവിധി പ്രഖ്യാപിക്കപ്പെടുമെന്നും രക്ഷാർഹന്മാർ സായൂജ്യവും ശിക്ഷാർഹന്മാർ നരകയാതനയും ഉടനെ അനുഭവിക്കാൻ തുടങ്ങുമെന്നും, യേശുക്രിസ്തുവിന്റെ പുനരാഗമനത്തിൽ ഉണ്ടാകുവാൻ പോകുന്ന പൊതുന്യായവിധി (അവസാനവിധി) ദൈവത്തിന്റെ മുൻവിധിയെ ശരിവെക്കുക മാത്രമാണു് ചെയ്യുന്നതെന്നും അതിനുശേഷം രക്ഷാ-ശിക്ഷാർഹന്മാരുടെ അനുഭവങ്ങൾ യഥാവിധി തുടരുക മാത്രമാണു് ചെയ്യുന്നതെന്നും അവർ നിർവ്വചിക്കുന്നു. എന്നാൽ ഇവ രണ്ടിനും മദ്ധ്യേയുള്ള മദ്ധ്യാവർത്തികൾ മരണാനന്തരം ശുദ്ധീകരണസ്ഥലത്തേക്കു് (Purgatory) അയക്കപ്പെടുമെന്നും അവ ആ കുട്ടി നരകത്തിൽകിടന്നു ദുരിതശിക്ഷ അനുഭവിച്ചുവരികയാണെന്നും, സഭയിൽ നടത്തപ്പെടുന്ന പ്രാർത്ഥനകുർബ്ബാനാദി സൽക്കർമ്മങ്ങൾ മൂലം അവ അതാതിന്റെ കാലയളവനുസരിച്ചു് അവിടെനിന്നും വിടുവിക്കപ്പെട്ടു് സായൂജ്യത്തിൽ പ്രവേശിക്കുമെന്നും മററുമാണു് റോമാസഭയുടെ വിർവ്വചനം. (വേദരഹസ്യം, By the Rt. Rev. Mgr. Antony Pudicherry D. D. 1935; Second edition, പേജ് 224-236; 297-307; “Faith of our Fathers” by Cardinal Gibbons, Page 173-187) സ്വഭാവനീതി (Natural Justice) അനുസരിച്ചുനോക്കിയാൽപ്പോലും ഇതിൽ പല പ്രമാദങ്ങളും യുക്തിഭംഗങ്ങളും പ്രവേശിച്ചിട്ടുണ്ടെന്നുള്ള വിവരം ഖേദപൂർവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അവ താഴെ വിശദീകരിച്ചുകൊള്ളട്ടെ.

ഒരു മനുഷ്യനെ ശാസ്ത്രീയമായി നാമൊന്നപഗ്രന്ഥിച്ചുനോക്കുമ്പോൾ ദൈവത്തിന്റെ കൈപ്പണിയായി ഭൂതാത്മകമായ ഒരു ശരീരവും, ഭൂതാതീതമായ ഒരാത്മാവും, പ്രാണായാമം ചെയ്യുന്നതിനുള്ള വായുവും അവനിൽ സംഭരിച്ചിട്ടുണ്ടെന്നു കാണാം. അവനിൽ അന്തർലീനമായിരിക്കുന്ന ഈ ത്രിവിധ ഘടകങ്ങളോടു കൂടിയ സജീവമനുഷ്യൻ തദവസ്ഥയിൽ പ്രവർത്തിക്കുന്ന സുകൃതദുഷ്കർമ്മങ്ങൾക്കുള്ള പ്രതിഫലം അഥവാ രക്ഷാശിക്ഷകളാണല്ലോ സ്വർഗ്ഗനരകങ്ങളും ശുദ്ധീകരണസ്ഥലവും മൂലം വിവക്ഷിക്കപ്പെടുന്നതു്. ശരീരാത്മാക്കൾ തമ്മിൽ സംയോജിച്ചിരിക്കുമ്പോൾ പ്രവർത്തിച്ചിട്ടുള്ള അവരുടെ പ്രവർത്തനങ്ങളുടെ കൂലി അവർ തമ്മിൽ പിരിഞ്ഞശേഷം അതിലൊന്നായ ആത്മാവിനുമാത്രം കണക്കു തീർത്തുകൊടുക്കുക എന്നുള്ളതു് സൃഷ്ടാവായ ദൈവത്തിന്റെ നീതിയെ ചോദ്യംചെയ്യുന്ന ഒന്നാണു്. ദേഹം-ദേഹി-ആത്മാവു് എന്നീ മൂന്നു പേരുംകൂടി യോജിച്ചിരുന്നപ്പോൾ അവർ പ്രവർത്തിച്ച സുകൃതദുഷ്കർമ്മങ്ങൾക്കു് അവരിലൊരാളായ ആത്മാവിനുമാത്രം പ്രതിഫലം കൊടുക്കുക എന്നു വന്നാൽ അതു് പരസ്യമായ ഒരു നീതിലംഘനം തന്നെയാണു്. ഭൂതാത്മകമായ മർത്ത്യശരീരം പക്ഷേ വിചാരിച്ചേക്കാം. “ആത്മാവാണല്ലോ എന്നിൽ അധിവസിച്ചുകൊണ്ടു് എല്ലാക്കാര്യവും എന്നെക്കൊണ്ടു് പ്രവർത്തിപ്പിച്ചിട്ടുള്ളതു്. ആത്മാവെന്നിൽനിന്നു് പിരിഞ്ഞതിൽ പിന്നെ ഞാൻ യാതൊന്നും പ്രവർത്തിച്ചിട്ടില്ല. പ്രവർത്തിപ്പാൻ

എനിക്കു സാദ്ധ്യതയുമില്ല. ഞാനിതാ എൻെറ ശവകുടീരത്തിൽ നിശ്ചലനായ് കിടന്ന് നിത്യസ്വസ്ഥത കൊള്ളുകയാണ്. അതിനാൽ ഗുണമാകട്ടെ—ദോഷമാകട്ടെ എൻെറ സർവ്വപ്രവൃത്തികളും പ്രേരകൻ—അവയെ എന്നെക്കൊണ്ട് പ്രവർത്തിപ്പിച്ചവൻ ആത്മാവാണ്. അതിനാൽ പ്രതിഫലവും അവനിരിക്കട്ടെ." എന്നാൽ അതേസമയംതന്നെ ആത്മാവോ അതു നേരെ മറിച്ചാണ് ആത്മഗതം ചെയ്യുന്നതു്. "ജീവിതഘട്ടത്തിലെ സുകൃതദുഷ്കർമ്മങ്ങൾ പ്രവർത്തിച്ചിട്ടുള്ളതെല്ലാം കായമാണ്. മദ്യപിക്കുക, വ്യഭിചരിക്കുക, മോഷ്ടിക്കുക, രക്തംചിന്തുക എന്നിത്യാദി ദുഷ്കർമ്മങ്ങളെല്ലാം അവൻെറ വേലയാണ്. എനിക്കതിൽ യാതൊരു പങ്കുമില്ല. ഞാൻ യാതൊന്നും പ്രവർത്തിച്ചിട്ടുമില്ല. ദുഷ്കർമ്മങ്ങൾ എല്ലാം പ്രവർത്തിച്ചതും അതിൻെറ പരിണതഫലമാകുന്ന സുഖഭോഗങ്ങൾ എല്ലാമനുഭവിച്ചതും കായമാണ്. അവനിൽനിന്ന് ഞാൻ വേർപെട്ടശേഷം ഞാനെത്ര നിർദ്ദോഷി. യാതൊരു ദോഷവും ഞാനിപ്പോൾ ചെയ്യുന്നില്ല. ചെയ്വാൻ സാദ്ധ്യതയുമില്ല. ഈ പശ്ചാത്തലത്തിൽ നിരപരാധിയായ എന്നെ ശിക്ഷിക്കുന്നതു് നീതിയുക്തമല്ല. ശിക്ഷിക്കേണ്ടതു് വാസ്തവത്തിൽ ശരീരത്തേയാണ്." എന്നിങ്ങനെ ആത്മാവും ആത്മഗതം ചെയ്യേക്കാം. നീതിയുടെ മാനദണ്ഡം വച്ചു നോക്കുമ്പോൾ രണ്ടും വാസ്തവത്തിൽ ശരിയാണ്. നിയമത്തിൻെറ വെളിച്ചത്തിൽ ഇരുകൂട്ടരുടെ വാദവും ഒരുപോലെ നിയമസാധുത്വമുള്ളതും വഹിക്കത്തക്കതുമാണ്. ആത്മരാഹിത്യത്തിൽ കായം തനിച്ചോ, കായരാഹിത്യത്തിൽ ആത്മം തനിച്ചോ യാതൊന്നും ചെയ്തിട്ടില്ല; ചെയ്വാൻ സാദ്ധ്യതയുമില്ലന്നുള്ളതു് ഒരു പരമാർത്ഥം തന്നേയാണ്. ഈ പരിതഃസ്ഥിതിയിൽ രണ്ടുകൂട്ടരുംകൂടി പ്രവർത്തിച്ചിട്ടുള്ളതിന് അവരിൽ ഒരാളായ ആത്മാവിനെ തനിച്ച് ശിക്ഷിക്കുക അല്ലെങ്കിൽ രക്ഷിക്കുക എന്നു വന്നാൽ അതു് നീതിയുടെ പേരിൽ വലിയോരപരാധമായിരിക്കും സംശയമില്ല. അതിനാലിതു സംബന്ധിച്ചുള്ള റോമായുടെ ഉപദേശം പരമസാത്വികനായ ദൈവത്തിൻെറ നീതിയുടെ നേരെ കണ്ണടച്ചുകൊണ്ടുള്ള ഒരു വെല്ലുവിളി (**an ignorant challenge**) മാത്രമാണെന്ന് ഖേദപൂർവ്വം നിർവ്വചിക്കേണ്ടിയിരിക്കുന്നു. ഇതിൻെറ ഒരു പോംവഴി ആയിട്ടത്രേ പ്രതിഫലത്തിൻെറ കാലസംപൂർണ്ണത വരുമ്പോൾ ഭൂതാംശങ്ങളോട് യോചിച്ചു ചേർന്ന് മണ്ണായിത്തീർന്ന മർത്ത്യശരീരവും, വായുവിൽ ലയിച്ചു ചേർന്ന അതിൻെറ പ്രാണനും, ഇടക്കാലവിശ്രമത്തിൽ സമാധിയിൽ പ്രവേശിച്ചിരിക്കുന്ന അതിൻെറ ആത്മാവുംകൂടി അത്യത്ഭുതകരമാംവണ്ണം വീണ്ടും സംയോജിക്കുവാനുള്ള ഒരു പശ്ചാത്തലം ബീജാവാപമെടുക്കുന്നതു്. ആത്മശരീരങ്ങളുടെ ഈ സംയോജനത്തെ വി: പൌലോസപ്പസ്തോലൻ പുനരുത്ഥാനമെന്ന് നിർവ്വചിച്ചിരിക്കുന്നു. (1 കോറ. 15:52) മനുഷ്യൻെറ ഈ പുനർസംയോജനത്തിനുശേഷം ആണ് ദൈവം അവന് സ്വീകാരയോഗ്യമായിരിക്കുന്ന പ്രതിഫലം നല്കുന്നതു്. ഇതാണ് ദൈവനീതിയുടെ പ്രവർത്തനം.

C
മരണാനന്തരാവസ്ഥയെ കുറിച്ചുള്ള വിവിധ ചിന്താഗതികൾ.

മനുഷ്യൻെറ മരണാനന്തരാവസ്ഥയെക്കുറിച്ചു ചിന്തിക്കയും പഠിപ്പിക്കയും ചെയ്തിട്ടുള്ള പലേ ചിന്തകന്മാരും, മതസ്ഥാപകന്മാരും അതേക്കുറിച്ച് വിഭിന്നങ്ങളായ പലേ അഭിപ്രായങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളതു്. ദൃഷ്ടിഗോചരമോ, ശാസ്ത്രജ്ഞാനത്താൽ കെട്ടി-

പ്പെടുക്കാവുന്നതോ ആയ ഒരു വിഷയമല്ലാത്തതിനാൽ പലരും പലതരത്തിൽ ഇതേക്കുറിച്ചുള്ള നിഗമനം കൈകാര്യം ചെയ്യുന്നുണ്ട്. അവയുടെ സംക്ഷേപമായ ഒരു സമാഹാരം ഇത്തരുണത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

a. അനാത്മവാദികൾ

ഇന്നത്തെ നാസ്ഥികൻ ചിന്തകന്മാരോട് നാമിതിനെപ്പററി ചോദ്യം ചെയ്യുമ്പോൾ മനുഷ്യൻ പക്ഷിമൃഗാദിതിര്യക്കുകളെപ്പോലെ ആത്മരഹിതനാണെന്നും അതിനാൽ മരണത്തോടുകൂടി മററു ജന്തുക്കളെപ്പോലെതന്നെ അവനും നശിച്ച് പ്രകൃതിയിൽ ലയിക്കുന്നു എന്നും, മരണശേഷം അവനെക്കുറിച്ചു യാതൊരു പ്രത്യാശക്കും വഴിയില്ലന്നും, അവന് യാതൊരു ഭാവിയുംശേഷിക്കാതെ വിസ്മൃതിയിലാണ്ടുപോകുന്നു എന്നും അവർ സമാധാനം പറയുന്നു. പൌരാണിക കാലത്തെ ഗ്രേക്ക് വിജ്ഞാനികളിൽ പെട്ട "എപ്പിക്കൂറിയരും" ഇതേ അഭിപ്രായക്കാരായിരുന്നു. മരണം മനുഷ്യനെ യാതോരു ഭാവിയുമില്ലാത്ത വിധം നശിപ്പിച്ച് നാമാവിശേഷമാകുന്നു എന്നുള്ള മിഥ്യാബോധംമൂലം മരണം അവരുടെ ഇടയിൽ ആററിയാൽ ആറാത്ത ഒരു തീരാദുഃഖം ആയി പരിണമിച്ചിരുന്നു. മരണത്തെക്കുറിച്ച് പ്രത്യാശയില്ലാതെ ദുഃഖിക്കുന്നവരെന്നു വി: പൌലോസപ്പസ്തോലൻ നിർവ്വചിച്ചിരിക്കുന്നതു് (1 തെസ. 4:13) ഇവരെക്കുറിച്ചായിരിക്കണം. ഈ ചിന്താഗതിയിൽ പെടുന്നവരെ അനാത്മവാദികളെന്നും നാസ്തികന്മാരെന്നും പറയപ്പെടുന്നു. പക്ഷിമൃഗാദിതിര്യക്കുകളും മനുഷ്യനും തമ്മിൽ യാതൊരു വ്യത്യാസവുമില്ലന്ന് ഇവർ ബലമായി വാദിക്കുന്നുണ്ടെങ്കിലും പ്രകൃതിപോലും ഇവരുടെ വാദത്തെ പൊള്ളയടിച്ചുകൊണ്ടാണിരിക്കുന്നതു്. പ്രകൃതിശാസ്ത്രവെളിച്ചത്തിൽ തന്നെ നാമൊരു സൂക്ഷ്മാവലോകനം നടത്തുമ്പോൾ ജന്തുക്കളും മനുഷ്യനും തമ്മിൽ അനേക വ്യത്യാസങ്ങൾ ഉണ്ടെന്ന് പ്രകൃതിപോലും നമ്മെ പഠിപ്പിക്കുന്നുണ്ട്. മനുഷ്യൻെറ സുസംഘടിതമായശരീരഘടനതന്നെ പക്ഷിമൃഗാദിതിര്യക്കുകളുടേതിൽനിന്നും എത്രയും വ്യത്യസ്ഥമാകയാൽ മനുഷ്യനും മൃഗജീവികളും തമ്മിൽ യാതോരന്തരവുമില്ലന്നുള്ള നാസ്തിക നിഗമനംതന്നെ വാസ്തവത്തിൽ ശാസ്ത്രീയമല്ല. മററ് മൃഗജാലങ്ങളുടേതിൽനിന്നും എത്രയും വ്യത്യസ്ഥപ്പെട്ട അവൻെറ പ്രകൃതിരമണീയമായ ശരീരഘടന, യാതോരു ജീവജാലങ്ങളിലുമില്ലാത്തതായ അവൻെറ ബുദ്ധിവിവേകത, കരകൌശല സാമർത്ഥ്യം, സംസാരശക്തി, എന്നിത്യാദി കാര്യങ്ങൾ മാത്രം ആലോചിച്ചാൽ അവനേതോ ഒരദൃശ്യശക്തിയാൽ നയിക്കപ്പെടുന്നു എന്നും ബാഹ്യേന്ദ്രിയങ്ങൾക്കതീതമായ ഏതോ ഒരു വിശേഷശക്തി അവൻെറഅന്തക്കരണത്തെ ആവരണംചെയ്തിട്ടുണ്ടെന്നും സമ്മതിക്കുവാൻ നാം നിർബ്ബന്ധിതരാണ്. മനുഷ്യൻെറ അന്തക്കരണത്തെ ആവരണം ചെയ്തിട്ടുള്ളതും അവനെ ഭരണംചെയ്യുന്നതുമായ ഈ അപൂർവ്വ വിശേഷശക്തിയാണ് അവൻെറ ആത്മാവ് എന്നുള്ള വിവരം ഇന്നത്തെനാസ്തികചിന്തകന്മാർ വിസ്മരിച്ചുകളയുന്നു.

b. പുനർജ്ജെന്മവാദികൾ

ആസ്തിക്യബോധവും മതവിശ്വാസവുമുള്ള സമുദായ ചിന്തകന്മാർ മനുഷ്യാത്മാവിൻെറ ആസ്തിക്യത്തെ സമ്മതിക്കുന്നുണ്ടെങ്കിലും അവരിൽ പലരും പലതരത്തിലാണ് അവൻെറ മരണാനന്തരാവസ്ഥയെപ്പററി നിർവ്വചിക്കുന്നതു്. ദൃഷ്ടാന്തമായി ഇന്നത്തെ ഹൈന്ദവചിന്തകന്മാരോട് ഇതേപ്പററി ചോദ്യം ചെയ്യുമ്പോൾ അവർ ആത്മവാദികളും ആസ്തിക്യബോധമുള്ളവരുമാകയാൽ മനുഷ്യന് ആത്മാവും അതിന് മറുജീവിതവുമുണ്ടെന്നു സമ്മതിക്കുമെങ്കിലും മരണാനന്തരാവസ്ഥയെക്കു

റിച്ചുള്ള അവരുടെ ഉപദേശംമുഴുവൻ പുനർജ്ജന്മസിദ്ധാന്തത്തിൽ കെട്ടിപ്പടുത്തിരിക്കയാണു് മനുഷ്യാത്മാവു് ഈശ്വരാംശമാണെന്നും, അതെടുക്കുന്ന ഓരോ ജന്മത്തിന്റേയും സുകൃത ദുഷ്കർമ്മങ്ങൾക്കു് പ്രതിഫലമായി മറുജന്മമെടുക്കുന്നു എന്നും ഇങ്ങനെ അനേകായിരം ജന്മാന്തരങ്ങൾക്കുശേഷം മർത്ത്യാത്മാവു് നിർവ്വൃതി അടഞ്ഞു്; അതെവിടെ നിന്നും പുറപ്പെട്ടുപോന്നുവോ ആ പരബ്രഹ്മത്തിൽ ലയിച്ചുചേരുന്നു എന്നും അവർ നിർവ്വചിക്കുന്നു. ഇവർ പുനർജ്ജന്മ വാദികൾ എന്ന പേരിൽ അറിയപ്പെടുന്നു.

c. സാദ്ദൂക്യർ

ഇനി യഹൂദന്മാരുടെ ഇടയിൽ ഇതേക്കുറിച്ചു് നാം തിരക്കം ചെയ്യുമ്പോൾ അവരിൽ ഉപരിപ്ലവന്മാരായ സാദ്ദൂക്യർ ഗ്രേക്കു് വിജ്ഞാനികളായ എപ്പിക്കൂറിയരുടെ ഒരു പരിഷ്കരിച്ച പതിപ്പാണെന്നു് കാണുന്നുണ്ടു്. ഇവർ അനാത്മവാദികളായി മാലാഖമാരില്ല; ആത്മാവില്ല; മരണാനന്തരം മനുഷ്യനിൽ യാതൊന്നും ശേഷിക്കുന്നില്ല; ഉയിർപ്പില്ല എന്നെല്ലാം അസന്നിഗ്ദ്ധമായി പഠിപ്പിച്ചിരുന്നു.

d. ലോചർച്ചുകാർ

ഇനി ഇന്നത്തെ ക്രിസ്ത്യൻ ചിന്തകന്മാരോടു് ഈ വിഷയത്തെക്കുറിച്ചു് നാം ചോദ്യം ചെയ്യുമ്പോൾ അവരിൽ പലരും പലേ തരത്തിലാണു് ഇതേപ്പററി നിർവ്വചിക്കുന്നതു് റോമാസഭയിലെ ചിന്തകന്മാർ ഇതേപ്പററി പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇനിഇന്നത്തെ പ്രോട്ടസ്റ്റന്റു് സമുദായമണ്ഡലത്തിൽപ്പെട്ട ലോചർച്ചു് ചിന്തകന്മാരോടു് ഇതേപ്പററി ചോദ്യംചെയ്യുമ്പോൾ അവർ മരണാനന്തരാവസ്ഥയെ വേറൊരു തരത്തിൽ ചിത്രീകരിക്കുന്നുണ്ടു്. മരണശേഷം മർത്ത്യാത്മാക്കൾ അവയുടെ ഇടക്കാല വിശ്രമ സങ്കേതങ്ങളിൽ ഒരു മൗനനിദ്രയിൽ ആണ്ടിരിക്കയാണെന്നത്രേ അവരുടെ അഭിപ്രായം. അപ്പസ്തോലൻ പരേതരെക്കുറിച്ചു് വ്യവഹരിക്കുമ്പോൾ അവരെ "നിദ്ര പ്രാപിച്ചവർ" എന്നു് സംബോധന ചെയ്യുന്നതിനാൽ പരേതാത്മാക്കൾ ചൈതന്യരഹിതരായു് നിദ്രാമൗനത്തിൽ സ്ഥിതിചെയ്യുന്നു. ഉറങ്ങിക്കിടക്കുന്ന മനുഷ്യനു് തുല്യം ആത്മാക്കൾ ആത്മലോകത്തു് ഉറങ്ങിക്കിടക്കയാണു്. അതിനാൽ മരണശേഷം ന്യായവിധിവരെയുള്ള മനുഷ്യന്റെ ഈ സമാധിഘട്ടത്തിൽ അവർ കാഴ്ച, കേൾവി, അറിവു്, സംസാരം ഈ വക യാതൊരു കഴിവുകളുമില്ലാതെ—ദൈവത്തെ സ്തുതിക്കുന്നതിനുപോലും നിർവ്വാഹമില്ലാതെ—നിദ്രാഭാരത്തിൽ നിലകൊള്ളുന്നു. മാത്രമല്ല മരണത്തോടുകൂടി ദൈവം തന്റെ കരുണാകവാടം മനുഷ്യന്റെ നേരെ അടച്ചുകളയുന്നതിനാൽ ആത്മലോകത്തിൽ ആത്മാക്കൾക്കു് ദൈവത്തിൽ നിന്നു് യാതോരു കൃപയും മോചനവും ലഭിപ്പാൻ സാദ്ധ്യതയില്ലെന്നും, തന്മൂലം ശരീരം വിട്ടശേഷം ആത്മാക്കൾക്കു് വളരുവാൻ നിവൃത്തിയില്ലന്നും, ഈ പശ്ചാത്തലത്തിൽ ജീവിച്ചിരിക്കുന്നവർ അവക്കുവേണ്ടി പ്രാർത്ഥിക്കുന്നതു് നിഷ്പ്രയോജനമാണെന്നും മററുമാണു് മരണാനന്തരാവസ്ഥയെക്കുറിച്ചുള്ള ലോചർച്ചു് ചിന്തകന്മാരുടെ അഭിപ്രായം. ഇങ്ങനെ പല ചിന്തകന്മാരും പലേ തരത്തിലാണു് മനുഷ്യന്റെ മരണാനന്തരാവസ്ഥയെക്കുറിച്ചുള്ള നിഗമനം കൈകാര്യം ചെയ്യുന്നതു്. അതിനാൽ വി:പുസ്തകം ഇക്കാര്യത്തിൽഎന്തു പറയുന്നു; യേശുക്രിസ്തു എന്തു പഠിപ്പിച്ചിരിക്കുന്നു എന്നു് ഇത്തരുണത്തിൽ സമഗ്രമായി ചിന്തിച്ചുനോക്കാം.

(ശേഷം അടുത്ത ലക്കത്തിൽ)

അപ്പോക്രീപ്പാ III (തുടർച്ച)

BIBLE STUDY

(Fr. K. C. Markose)

അടുത്തതായി ഓരോ പുസ്തകങ്ങളെപ്പററിയും, അവയിൽ അടങ്ങിയിരിക്കുന്ന കഥാഭാഗങ്ങളെപ്പററിയും ചില ഉദ്ധരണികളോടുകൂടി ചുരുക്കമായി ചിന്തിക്കാം.

അപ്പോക്രീപ്പായിലെ എസ്രാ.

(ESDRAS)

1-2 ഭാഗങ്ങൾ

പഴയനിയമ അപ്പോക്രീപ്പാ പുസ്തകങ്ങളിൽ ആദ്യത്തേതായി വിചാരിക്കപ്പെടുന്നതു് എസ്രാ ഒന്നും രണ്ടും പുസ്തകങ്ങളാണു്. ഇതിനെ ഇംഗ്ലീഷ് അപ്പോക്രീപ്പായിൽ ഒന്നും രണ്ടും എസ്രാ എന്നു് വിവക്ഷിക്കപ്പെടുന്നു. എങ്കിലും റോമ്മൻ പുസ്തകത്തിൽ (Latin Vulgate) എസ്രാ മൂന്നും നാലും ഭാഗങ്ങളെന്നാണു് കാണിച്ചിരിക്കുന്നതു്. അതിൽ കാനോനിക എസ്രാ, നഹമിയാ പുസ്തകങ്ങളെ എസ്രാ ഒന്നും രണ്ടും ഭാഗങ്ങളായിട്ടാണു് കാണിച്ചിരിക്കുന്നതു്. അപ്പോക്രീപ്പായിലെ എസ്രാ 1-2 ഭാഗങ്ങളെ റോമ്മാസഭ കാനോനിക പുസ്തകങ്ങളായി ഇന്നും അംഗീകരിക്കുന്നില്ലാ. കാനോനികമായി സ്വീകരിച്ചിട്ടുള്ള എസ്രായുടെ പുസ്തകത്തിന്റെ പ്രത്യേക തരത്തിലുള്ള ഒരു വിവർത്തനം മാത്രമാണിതെന്നുള്ളതാണു് അതിന്റെ കാരണമായി പറയുന്നതു്.

1-ാംഭാഗത്തിൽ

എസ്രായിലെ കഥാസാരം

യഹൂദരാജാവും, ദൈവഭക്തനുമായിരുന്ന യോശിയാവു് ന്യായപ്രമാണ കല്പനപ്രകാരം പൂർവ്വാധികം ആഘോഷമായി പെസഹാ പെരുന്നാൾ ആചരിക്കുന്നതു്. മിസ്രയിം രാജാവായ ഫറവോൻ "നെഖോ" അശ്ശൂർ രാജാവിനോടു് യുദ്ധം ചെയ്യാൻ ഫ്രാത്തു് നദിവരെ വന്നപ്പോൾ യോശിയാവു് ഫറവോനോടു് യുദ്ധത്തിനു് പുറപ്പെടുന്നതു്. യുദ്ധത്തിൽനിന്നു് പിൻവാങ്ങുവാൻ ഫറവോ ഉപദേശിച്ചതു് അനുസരിക്കാതെ യുദ്ധം ചെയ്തു് മരിക്കുന്നതു്. (ഇതു് 2 രാജാ 23 അ. 21-30 വാക്യങ്ങളിൽ വിവരിച്ചിട്ടുണ്ടു്.)

യോശിയാവിന്റെ കാലശേഷം ബാബിലോൺ രാജാവായ നെബുക്കദ്നേസ്സർ യറുശലേമിനെ ആക്രമിക്കയും ദേവാലയം നശിപ്പിക്കയും, യഹൂദന്മാരെ അടിമകളായി ബാബിലോണിലേക്കു് കൊണ്ടുപോകയുംചെയ്യുന്നതു്. എഴുപതു് വർഷങ്ങൾ കഴിഞ്ഞു് പേർഷ്യ രാജാവായ കോരേശു് (Cyrus) യറുശലേമിലേക്കു് മടങ്ങിപ്പോകുന്നതിനും ദേവാലയം പണിയുന്നതിനും യഹൂദന്മാരെ അനുവദിക്കുന്നതു്. അയാളുടെ പിൻഗാമി (Artaxerxes) "അർത്ഥഹ് ശഷ്ടാ" രാജാവു് പണി വിഘ്നപ്പെടുത്തുന്നതു്. അയാളുടെ കാലശേഷം ദാറിയൂസ് (Darius) രാജ്യം ഭരിക്കുന്നതും ദാറിയൂസിന്റെ അംഗരക്ഷകന്മാരായ മൂന്നു യൌവ്വനക്കാർ രാജാവു് ഉറങ്ങികിടന്നപ്പോൾ അദ്ദേഹത്തിനു് കാവൽ നില്ക്കയും വിനോദത്തിനായി ഓരോരുത്തരും ഓരോ ആപ്തവാക്യം എഴുതി രാജാവിന്റെ തലയണക്കീഴിൽ വയ്ക്കയും, ഏററവും ബുദ്ധിപൂർവ്വമായി എഴുതുന്ന ആളിനെ രാജാവു് ബഹുമാനിക്കാൻ ഇടയാകത്തക്കവണ്ണം അതു് രാജാവിനെ കാണിക്കണമെന്നു് നിശ്ചയിക്ക

യും ചെയ്യുന്നതു്. അപ്രകാരം ഒന്നാമൻ "മദ്യത്തിനാണു് ഏററവും ശക്തിയുള്ളതു്" എന്നും "രാജാവിനാണു് ഏററവും ശക്തിയുള്ളതെന്നു്" രണ്ടാമനും, "ഏററവും ശക്തി സ്ത്രീക്കാണുള്ളതു്, എന്നാൽ സത്യം വിജയംവരിക്കും" എന്നു മൂന്നാമനും എഴുതി വയ്ക്കുകയും രാജാവു് ഉണർന്നപ്പോൾ അതു് അദ്ദേഹത്തെ ഏല്പിക്കയും അദ്ദേഹം തന്റെ പ്രഭുക്കന്മാരെ വരുത്തി സിംഹാസനത്തിൽ എഴുന്നുള്ളി ഇരുന്നു് ഓരോരുത്തരുടേയും വാചകം വായിക്കയും, ഓരോരുത്തരോടും അവരവരുടെ വാക്യം ആധാരമാക്കി പ്രസംഗിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നതും (പ്രസംഗങ്ങൾ 4-ാം അദ്ധ്യായത്തിൽ വിവരമായി കാണാം.) ഒടുവിൽ രാജാവും, പ്രഭുക്കന്മാരും മൂന്നാമനെ വിജയിയായി പ്രഖ്യാപിക്കയും, അവൻ ആവശ്യപ്പെടുന്ന ഒരു കാര്യം സാധിച്ചുകൊടുക്കാമെന്നു് രാജാവു വാഗ്ദാനം ചെയ്യുകയും ചെയ്യുന്നതു. വിജയിയായ മൂന്നാമൻ യഹൂദ്യനായ സെറുബാബേൽ ആയിരുന്നു. അദ്ദേഹം രാജാവിനോടു് യറുശലേമിലേക്കു് മടങ്ങിപ്പോയി ദേവാലയം പണി കഴിപ്പിക്കുന്നതിനു് അനുവാദവും, അതിനാവശ്യമുള്ള സാധനസാമഗ്രികളും, ദേവാലയംവക കൊള്ളയായി കൊണ്ടുപോയ എല്ലാ പൊൻവെള്ളി സാധനങ്ങളും തിരിച്ചുകൊടുക്കണമെന്നും ആവശ്യപ്പെടുന്നതും രാജാവു് സസന്തോഷം അനുമതികൊടുക്കയും, സെറുബാബേലും യഹൂദാജനവും, ലേവ്യാക്കാരും ദേവാലയം വക ഉപകരണങ്ങളോടും, രാജാവിൽനിന്നു ലഭിച്ച കല്പനകളോടുംകൂടി യറുശലേമിലേക്കു് പുറപ്പെടുന്നതും അവർ ദേവാലയം പണി ആരംഭിക്കയും ചെയ്തതും, അവർ പുറപ്പെട്ടപ്പോൾ സെറുബാബേൽ ദൈവത്തെ പുകഴ്ത്തുന്നതും അതു് 4-ാം അദ്ധ്യായം 58-60 വരെ വാക്യങ്ങളിൽ ഇപ്രകാരം കാണുന്നു. "യൌവ്വനക്കാരൻ പുറപ്പെട്ടപ്പോൾ അവൻ യറുശലേമിനു നേരെ ആകാശത്തിലേക്കു അവന്റെ മുഖം ഉയർത്തി സ്വർഗ്ഗസ്ഥനായ രാജാവിനെ പുകഴ്ത്തിപ്പറഞ്ഞതെന്തെന്നാൽ യഹോവെ നിന്നിൽനിന്നു് അത്രേ ജയവും, നിന്നിൽ നിന്നത്രെ ജ്ഞാനവും ഉണ്ടാകുന്നതു്. മഹത്വം നിനക്കുള്ളതു്. ഞാനോ നിന്റെ ദാസനാകുന്നു. എനിക്കു് നീ ബുദ്ധി നല്കിയതിനാൽ നീ വാഴ്ത്തപ്പെട്ടവനാകുന്നു. ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ നിന്നെ ഞാൻ നന്ദിപൂർവ്വം സ്തുതിക്കുന്നു." അവനും അവനോടുകൂടി ഉണ്ടായിരുന്ന ജനങ്ങളും ലേവ്യാക്കാരും യറുശലേമിൽ എത്തി ദേവാലയം പണി ആരംഭിക്കുന്നതും ചില വിഘ്നങ്ങൾ ഉണ്ടായിട്ടു് അവയെല്ലാം തരണംചെയ്തു് പണി പൂർത്തിയാക്കി പെസഹാ ആഘോഷിക്കുന്നതും മററും ആദ്യഭാഗത്തും ഒടുവിലത്തെ അദ്ധ്യായങ്ങളിൽ അർത്ഥഹശഷ്ടാരാജാവിന്റെ കാലത്തു് ഏലിയാസാർ പുരോഹിതന്റെ ഗോത്രത്തിൽപെട്ട ലേവ്യനായ എസ്രാ എന്ന ശാസ്ത്രി ദേവാലയംപണിയിക്കുന്നതിൽ ഉത്സാഹിക്കുന്നതും അന്യജാതിക്കാരായ സ്ത്രീകളെ വിവാഹം കഴിച്ചിരുന്ന യഹൂദന്മാരെക്കൊണ്ടു് അവരെ ഉപേക്ഷിപ്പിച്ചിട്ടു് ദൈവകോപം ശമിപ്പിക്കുന്നതും മററും വിവരിച്ചിരിക്കുന്നു.

അടുത്ത ലക്കത്തിൽ എസ്രാ 2-ാംപുസ്തകത്തെപ്പററി പ്രസ്താവിച്ചുകൊള്ളാം.

ഒന്നുതന്നെ

അച്ഛൻ പഠിക്കുന്ന കുട്ടിയോടു്:- എടാ നീ ക്ലാസ്സിൽ ഒടുവിലത്തെ സ്ഥാനത്താണല്ലോ ഇരിക്കുന്നതു്. അടുത്തപ്രാവശ്യം നീ ഒന്നാം സ്ഥാനത്തു കയറണം.

കുട്ടി:-അതുകൊണ്ടു പ്രയോജനമില്ലച്ഛാ! രണ്ടു സ്ഥാനത്തും അവർ പഠിപ്പിക്കുന്നതു ഒന്നുതന്നേയാണു്.

P. K. D

★ മുളന്തുരുത്തി മർത്തോമ്മൻ പള്ളിച്ചരിത്രം ★

[പകർപ്പവകാശം സ്വായത്തം]

[പി. എം. പത്രോസ്സ്, മുളന്തുരുത്തി.]

സ്ഥലമാഹാത്മ്യം

(തുടർച്ച)

സഭാചരിത്രസംബന്ധമായി മുളന്തുരുത്തിപ്പള്ളിക്കുള്ള പ്രസിദ്ധി ഒട്ടും നിസ്സാരമല്ല. പരദേശികളായ പല മെത്രാപ്പോലീത്തന്മാരും അവരുടെ മലങ്കരസഭാ പര്യടനവേളയിൽ മുളന്തുരുത്തി ആസ്ഥാനമാക്കി സുദീർഘകാലം പാർത്തു സഭാഭരണം നടത്തിയിട്ടുണ്ടു്. കാദീശങ്ങൾ എന്നപേരിൽ അറിയപ്പെടുന്ന മാർ പ്രോത്തു, മാർസാബോർ എന്നീ പരിശുദ്ധ പിതാക്കന്മാർ ഉദയംപേരൂർ പാർത്തിരുന്ന കാലത്തു മുളന്തുരുത്തിലെത്തി താമസിക്കയും സഭാഭരണം നടത്തുകയും ചെയ്തിരുന്നതായി പറയപ്പെടുന്നു. കല്ലട അവൂപ്പൻ, കല്ലട ബാവാ എന്നീ പേരുകളിൽ അറിയപ്പെടുന്ന മാർ അന്ത്രയോസു് പാത്രിയക്കീസു ഈ പള്ളിയിൽ പാർത്തുകൊണ്ടു സഭയെ നിയന്ത്രിച്ചിട്ടുണ്ടു്. രണ്ടാമത്തെ മാർത്തോമ്മാൻ എന്ന അപരാഭിധാനത്താൽ പ്രകീർത്തിതനായ മാർ ഈവാനിയോസ്സുബാവാ ഒട്ടുവളരെക്കാലം ഈ പള്ളിയിലെത്തിത്താമസിച്ചുകൊണ്ടു ഇടവകഭരണം ക്രമീകരിക്കയും സഭാഭരണം നടത്തുകയും ചെയ്തിട്ടുണ്ടു്. ഇദ്ദേഹം എ. ഡി. 1694 ചിങ്ങം 3-ാംതിയ്യതി ഇവിടെവച്ചു ദിവംഗതനായി പള്ളിമദ്ബഹായിൽ തെക്കുഭാഗത്തു സംസ്കരിക്കപ്പെട്ടിരിക്കുന്നു. എ. ഡി. 1757ൽ കേരളം ശന്ദർശിച്ച യറുശലേം മെത്രാപ്പോലീത്താ മാർ ഗ്രീഗോറിയോസുബാവാ രോഗബാധിതനായി ഈ പള്ളിയിൽ എത്തി ഏതാനും കാലം ചികിത്സാർത്ഥം താമസിക്കയും എ. ഡി. 1772 മിഥുനം 27-ാംനു- ഇവിടെ വെച്ചു കാലഗതി പ്രാപിച്ചു പള്ളി മദ്ബഹായിൽ വടക്കുവശത്തു സംസ്കരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. തെക്കേക്കെബറുങ്കൽബാവ, വടക്കേക്കെബറുങ്കൽ ബാവാ എന്നു സാധാരണ വിളിച്ചുവരുന്നതു ഈ സിദ്ധന്മാരെയാണു്. എ.ഡി. 1807-ൽ കേരളം സന്ദർശിച്ച മാർ ദീയസ്കോറോസും എ. ഡി. 1825-ൽ വന്ന മാർ അത്താനാസേ്യാസും ഈ പള്ളിയിൽ താമസിച്ചുകൊണ്ടു് സഭാഭരണം നടത്തിയിട്ടുണ്ടു്. കൂടാതെ ചില മർദ്ദനങ്ങൾ സഹിക്കുന്നതിനും തന്മൂലം കഷ്ടനഷ്ടങ്ങൾക്കു ഇടയാകുന്നതിനും അവസരങ്ങൾ ഉണ്ടായിട്ടുണ്ടു്.

മലങ്കരസുറിയാനി സഭയുടെ ആജീവനാന്തശത്രുവായിപ്പരിണമിച്ച മെനേസീസ രണ്ടു പ്രാവശ്യം ഈ പള്ളിയിൽ വന്നു നിരവധി നഷ്ടങ്ങൾ വരുത്തിയിട്ടുണ്ടു്. കമ്മലീത്താ മെത്രാന്മാരായ റോസു, സ്റ്റീഫൻ. ഡി. ബ്രിട്ടൊ, ജോസഫ സെബസ്ത്യാനി, ഗാർഷ്യാ ആദിയായവരും മെനേസീസിനെ പിന്തുടർന്നു് അസഹ്യമായ നഷ്ടങ്ങൾ വരുത്തിക്കൂട്ടിയിട്ടുണ്ടു്. ഈ പറങ്കി കമ്മലീത്താ മെത്രാന്മാരുടെ അതിദുസ്സഹമായ ഭരണകാലത്തു മാർ ഗീവറുഗീസു് മാർത്തോമ്മാ അർക്കദിയാക്കോന്മാരെ അതിഗൂഢമായി ഇവിടെവെച്ചു സംരക്ഷിക്കയും അത്യത്ഭുതകരമാംവിധത്തിൽ അവരേയും സമുദായഭക്തനും കുശാഗ്രബുദ്ധിയുമായിരുന്ന കല്ലിച്ചേരിൽ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരേയും രക്ഷപെടുത്തി അയച്ചതും മുളന്തുരുത്തിപ്പള്ളിക്കാരാണു്. കൊച്ചീ ഇളമുറ

ഗോതവർമ്മ തമ്പുരാൻ കാവലിലാക്കിയിരുന്ന അർക്കദിയാക്കോനേയും ഇട്ടിത്തൊമ്മൻ കത്തനാരേയും വേഷപ്രച്ഛന്നരായിപുറത്തിറക്കിവിട്ടതും മുളന്തുരുത്തി ഇടവകക്കാരായ രണ്ടു വൃദ്ധന്മാരാണു. അർക്കദിയാക്കോന്മാരിൽ പലരുടേയും ഒരു പ്രധാന ആസ്ഥാനവും സങ്കേതസ്ഥലവും ആയിരുന്നതും ചരിത്രപ്രസിദ്ധമായ അർക്കദിയാക്കോൻ പടിപ്പുരയും അർക്കദിയാക്കോൻ പല്ലക്കും ഉണ്ടായിരുന്നതും ഈ മുളന്തുരുത്തിപ്പള്ളിയിലത്രേ.

പുണ്യാത്മാക്കളും യശ:ശ്ശരീരരുമായ കാട്ടുമങ്ങാട്ടു അബ്രാഹാം മാർ കൂറിലോസ്, ഗീവറുഗീസ്സ് മാർ കൂറിലോസ്സ്, പരിശുദ്ധനായ ചാത്തുരുത്തിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്സ്, കൊച്ചുപറമ്പിൽ (തൊഴപ്പാട്ടിൽ) പൌലൂസ്സ് മാർ കൂറിലോസ്സ് എന്നീ തിരുമേനിമാരുടേയും ജനനസ്ഥലമായിരിപ്പാനുള്ള അസാധാരണ ഭാഗ്യവും ഈ ഇടവകക്കുണ്ടായിട്ടുണ്ട്.

അന്ത്യോഖ്യായുടെ നി. വ. ദി. മ. ശ്രീ. മോറാൻ മോർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു് ഇദംപ്രഥമമായി ഒരു സുന്നഹദോസ് വിളിച്ചുകൂട്ടിയതും പരിശുദ്ധ മൂറോൻ കൂദാശ നടത്തിയതും ഇവിടെവെച്ചാണു. മാർ അബ്ദുള്ള ബാവാ തിരുമേനി 2-ാമത്തെ മൂറോൻ കൂദാശ നടത്തിയതും ഇവിടെവച്ചാണു. പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുമായി മലങ്കരസഭാഭരണം സംബന്ധിച്ചു മല്ലടിച്ച അന്ത്യോക്യാപ്രതിനിധിയുയാക്കീം മാർ കൂറിലോസുബാവാ ദീർഘകാലം ഈ പള്ളിയിൽതാമസിച്ചുസഭാഭരണം നടത്തിയിട്ടുണ്ട്. ഇദ്ദേഹം ഏ. ഡി. 1874 ചിങ്ങം 20-ാംനു- ഇവിടെവച്ചു കാലഗതി പ്രാപിച്ചു ഇവിടെ സംസ്കരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇങ്ങിനെ സംഭവബഹുലമായ ചരിത്രപാരമ്പര്യകളാലും മററും കീർത്തിപ്പെട്ട ഈ പള്ളിയുടെ ഏതാവൽപര്യന്തമുള്ള വിശദമായ ഒരു ചരിത്രം ഈ മാസികദ്വാരാ പത്രസ്ഥലമനുവദിക്കുന്നതുപോലെ ഖണ്ഡശ:പ്രസിദ്ധപ്പെടുത്തണമെന്നു വിചാരിക്കുന്നു.

പി. എം. പത്രോസ്സ് പാലച്ചോട്ടിൽ വീട്,
കാരിക്കോട്, പി. ഒ. മുളന്തുരുത്തി

സമർത്ഥയായ ഭാര്യ

ചില കാര്യങ്ങളിൽ തന്നെ കുററപ്പെടുത്തിയ ഭർത്താവിനോടു് ഭാര്യ ചോദിച്ചു.

ഞാൻ കണ്ണുമടച്ചുകൊണ്ടു ചെയ്യുന്ന കാര്യം നിങ്ങൾക്കു കണ്ണു തുറന്നു ചെയ്യാമോ?

ഭർത്താവ്:- ചെയ്യാം.

ഭാര്യ കണ്ണടച്ചുപിടിച്ച് കുറെ മണ്ണുവാരി കണ്ണിൽ ഇടുകയാണു് ചെയ്തതു്.

(S. P.)

ശത്രുവിനെ ഭക്ഷിക്കുന്നു

പുരോഹിതൻ:- തന്നോടു ഞാൻ പറഞ്ഞിട്ടില്ലേ ല ഹ രി സാ ധ ന ങ്ങൾ ശത്രുക്കളാണെന്നു്

മദ്യപാനി:- അച്ചോ! ശത്രുക്കളെ സ്നേഹിക്കണമെന്നു് അച്ചൻ കഴിഞ്ഞ ഞായറാഴ്ച പ്രസംഗിച്ചില്ലേ.

പുരോഹിതൻ:- ശരി, പക്ഷേ ശത്രുക്കളെ വിഴുങ്ങണമെന്നു പറഞ്ഞോ?

സദ്യക്കു ഊണു കഴിക്കേണ്ട രീതി പഠിക്കാൻ ആഗ്രഹിക്കുന്ന കുട്ടി:- അമ്മേ, ഞാൻ സദ്യയ്ക്കു പോകുമ്പോൾ ആദ്യം ഉപ്പേരി തിന്നുന്നതു നന്നാണോ?

അമ്മ:- ഒരു തരക്കേടുമില്ല.

കുട്ടി:- സദ്യയുടെ രീതി പഠിക്കാൻ അമ്മ കുറേ ഉപ്പേരി തരുമോ?

P. K. D

ചിന്താസരണി 2.

A. V. M.

ഒരു ചെറിയ കുട്ടിയും അവൻെറ അമ്മയുംകൂടി ഒരു വലിയ പാറക്കെട്ടുള്ള മലയുടെ അധിത്യകയിൽ താമസിച്ചിരുന്നു. ഒരു ദിവസം തള്ള മകനെ കഠിനമായി ശിക്ഷിച്ചു. ഇതിങ്കൽ കോപനൈരാശ്യഭരിതനായിത്തീന്ന കുട്ടി, ഓടിപ്പോയി കിഴക്കാൻതൂക്കായി അവിടെ നിന്നിരുന്ന വലിയ പാറയുടെ മീതെ കയറി അവൻെറ അമ്മയോടായി "ഞാൻ നിന്നെ വെറുക്കുന്നു, ഞാൻ നിന്നെ വെറുക്കുന്നു" എന്നു് ഉച്ചൈസ്സരം വിളിച്ചുപറഞ്ഞു. കുട്ടിയുടെ ഈ വാക്യോച്ചാരണങ്ങളെ തുടൎന്നു് അനന്തരമായി അപ്പപ്പോൾ ഉണ്ടായിക്കൊണ്ടിരുന്ന "ഞാൻ നിന്നെ വെറുക്കുന്നു, ഞാൻനിന്നെ വെറുക്കുന്നു" എന്ന പ്രതിദ്ധ്വനിയിൽ ഭയചകിതനായകുട്ടി തൻെറ തള്ളയുടെ സമീപത്തിൽ തിരിച്ചോടിയെത്തി ഏങ്ങിയേങ്ങിക്കൊണ്ടു് "ഞാൻ നിന്നെ വെറുക്കുന്നു എന്നു് അപ്പുറത്തുനിന്നും എൻെറ നേരെ അട്ടഹസിച്ചു പറയുന്ന ആ ചീത്തമനുഷ്യൻ ആരായിരിക്കാം അമ്മേ!" എന്നു് തള്ളയോടു ചോദിച്ചു. തള്ളയാകട്ടെ, തൻെറ കുട്ടിയുടെ കൈക്കുപിടിച്ചുകൊണ്ടു് അവനെ വീണ്ടും ആ പാറക്കെട്ടിന്മേൽ അവൻ നിന്നിരുന്ന സ്ഥാനത്താക്കിയ ശേഷം, മകനേ, "ഞാൻ നിന്നെ സ്നേഹിക്കുന്നു, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നിങ്ങനെ ഉച്ചത്തിൽ വിളിച്ചുപറയുക" എന്നു് ആജ്ഞാപിച്ചു. തള്ളയുടെ ആജ്ഞാനുസരണം കുട്ടി ആ വാക്യം ഉച്ചരിച്ചപ്പോൾ അതേവിധം സവിധമായി അതു് മാറെറാലിക്കൊണ്ടു.

ഇതിങ്കൽ സന്തുഷ്ടഹൃദയനായ തൻെറ കുട്ടിയെ ഭുജങ്ങളിൽ കോരി എടുത്തു കൊണ്ടു്, "എൻെറ മകനേ, നീ ഈ കേട്ടതു് പ്രകൃതിയുടെ ഒരു അഭേദ്യനിയമാചാരമാണു്; നീ അളക്കുന്ന അളവിനു് നിനക്കും അളക്കപ്പെടും" എന്നു് അമ്മ ഉപദേശിക്കയുണ്ടായി.

* * * * *

"ഏറിയ വെള്ളങ്ങളുടെ മേൽ നിൻെറ അപ്പത്തെ എറിയുക; ദീർഘസമയങ്ങളുടെ ശേഷം നീ, അതിനെ വീണ്ടും കണ്ടെത്തും" (സഭാപ്രസംഗി 11:1)

ദൈവമേ, "ലഭിക്കണെ"മെന്നു് ഞാൻ ആഗ്രഹിക്കുന്നതിനു തുല്യമായി "കൊടുക്കണെ"മെന്ന അഭിലാഷം എന്നിൽ കൈവളൎത്തുമാറാകണമേ!

ചെറുകഥ

എന്നാൽ പോകാം

[വി. വി. സി.]

മത്തായിച്ചേട്ടനും അഭിമാനിക്കുവാൻ മടിക്കാറില്ല, അയാൾ നല്ല തറവാട്ടിൽ പിറന്ന ഒരു പഴയ ക്രിസ്ത്യാനിയാണെന്നു്. പലപ്പോഴും അയാൾ അങ്ങിനെ പറയുകയും ചെയ്യും. "ഞാൻ ഒരു നല്ല തറവാട്ടിൽ പിറന്നവനാ" എന്നു്. എന്നാൽ അയാളും ഒരു മാർഗ്ഗംകൂടിയാണെന്നുള്ള അയാളുടെ പിതാമഹന്മാരുടെ ചരിത്രം അയാൾക്കു് അജ്ഞാതമായിരുന്നു. ഈ അഭിമാനം മാത്രമല്ലാതെ ക്രിസ്ത്യാനിയാണെന്നുള്ളതിനു് മററു യാതൊരു ലക്ഷ്യവും അയാളിൽ കാണാറില്ലെന്നുള്ളതാണു് വാസ്തവം. വയസ്സ് ഏകദേശം അമ്പതോടടുത്തിട്ടും

രണ്ടു പ്രാവശ്യമെ പള്ളിയിൽ പോയതായി അയാൾക്ക് അറിവുള്ളു. ഒന്ന്, ഒരാൾ എടുത്തുകൊണ്ട് പോയതു്; മാമോദീസായ്ക്ക്. രണ്ട് നടന്നുപോയതു്; കല്ല്യാണത്തിന്ന്, ഇനി ഒരു പ്രാവശ്യം കൂടെ പോകണം എന്ന് പറയാറുണ്ട്, മ റ റു ള്ള വ ക്ക് ആവശ്യമുണ്ടെങ്കിൽ.

അങ്ങിനെ മത്തായിച്ചേട്ടനും ജീവിക്കുന്നു, ഒരു കാര്യസ്ഥനായിട്ട്. ചാക്കോമുതലാളിയുടെ കൃഷിക്കാര്യങ്ങൾ വേണ്ടവിധം നടത്തുകയാണ് പ്രധാനജോലി. കാക്ക കരയുമ്പോൾ വീട്ടിൽനിന്നും എഴുന്നേററു പോകും; പിന്നീട്ട തിരിച്ചെത്തുക സന്ധ്യമയങ്ങിയാണ്. ദിവസവും എന്തെങ്കിലും ജോലി ചെയ്യിപ്പിക്കുവാൻ കാണും. ഞായറാഴ്ചയൊന്നും അയാൾക്ക് വിശ്രമമില്ല. മാറാനായപ്പെരുന്നാളുകൾ എന്നു പറഞ്ഞാൽ എന്താണെന്നുപോലും അയാൾക്ക് അറിഞ്ഞുകൂട. ഹിന്ദുക്കളുടെ ചില വിശേഷദിവസങ്ങളിൽ മാത്രം ജോലി ഉണ്ടാകാറില്ല; അന്നു ജോലിക്കാർ വരാത്തതുകൊണ്ട്.

എന്നിട്ടും അയാൾ നല്ല തറവാടിയാണ് ഇടവകയോഗങ്ങളിൽ മത്തായിച്ചേട്ടൻ എന്തുതന്നെയായാലും പങ്കെടുക്കുകതന്നെ ചെയ്യും. ഇടവകയിൽ നടക്കുന്ന അനീതികൾക്ക് പരിഹാരമുണ്ടാക്കുവാൻ! വികാരിക്ക് സുഖമില്ലാതിരുന്നതിനിൽ ഒരു ഞായറാഴ്ച കുർബ്ബാന കുറച്ചുവേഗം അവസാനിപ്പിച്ചതിന്ന് സമാധാനം ചോദിക്കാൻ!! പൊതുയോഗത്തിൽ ആലോചിക്കാതെ നൊയമ്പുദിവസം കുറച്ചതിന് വികാരിയുടെ വിശദീകരണം കേൾക്കാൻ!!! ഇടവകയുടെ അഭ്യുന്നതിക്കുവേണ്ടി എന്തും ചെയ്യുവാൻ തയ്യാറാണെന്ന്കൊട്ടിഘോഷിക്കുന്ന മത്തായിച്ചേട്ടൻ പള്ളിപ്പണിക്കുവേണ്ടി എഴുതിയിട്ടുള്ള സംഖ്യ ഇപ്പോഴും കൊടുത്തിട്ടില്ല. എന്നിട്ടും അയാൾ പറയാറുണ്ട് "എന്റെ കാരണോന്മാരായിട്ട് ഉണ്ടാക്കിയതാ ഈ പള്ളി" എന്ന്.

ചാക്കോ മുതലാളിയുടെ കാര്യസ്ഥനായി നടന്നിരുന്ന മത്തായിച്ചേട്ടന്റെ വീട്ടുകാര്യങ്ങൾ അയാളുടെ ഭാര്യ സാറാച്ചേട്ടത്തിയാണ് നടത്തിവരുന്നതു്. സ്വന്തം കുട്ടികളെ വളർത്തുന്നതിലൊന്നും കാര്യമായ പങ്കു വഹിക്കുവാൻ അയാൾക്ക് സാദ്ധ്യമായിരുന്നില്ല. ചില ദിവസം മൂക്കററം കുടിച്ച് യാതൊരു ലക്കുമില്ലാതെ വീട്ടിൽവന്നു കയറുന്ന ഭർത്താവിന്റെ ആഗമനവാർത്ത മുൻകൂട്ടിത്തന്നേ സാറാച്ചേട്ടത്തി അറിഞ്ഞുകഴിയും, "വറുതുട്ടീ" എന്ന് നീട്ടിവിളിക്കുന്ന ശബ്ദം ദൂരെനിന്നുകേട്ടാൽ. ഭാര്യയെ വിളിക്കുന്നതാണ് ഭർത്താവ് "വറുതുട്ടീ" എന്ന്. മൂത്തമകന്റെ പേരാണ് അതു്. ഭാര്യക്കു മത്തായി നല്കിയിട്ടുള്ള ഓമനപ്പേരുമാണ്

ചില ഭർത്താക്കന്മാർ ഇപ്പോഴും ഉണ്ട് ഭാര്യമാരെ "ഏയ്, അപ്പഴേ, പിന്നേ്യ......" എന്നൊക്കെ വിളിക്കുക. ഭാര്യയുടെ പേരു വിളിക്കുവാൻ എന്തിനു് ഭർത്താവ് ഇത്ര പരിഭ്രമിക്കുന്നു എന്ന് ഞാൻ പലപ്പോഴും ആലോചിക്കാറുണ്ട്. എനിക്കൊരു സംശയം, അങ്ങിനെ വിളിക്കുന്ന ഭർത്താക്കന്മാരുടെ വയസ്സിനേക്കാൾ ഭാര്യമാർക്കു വയസ്സ് കൂടുതൽ കാണുമോ എന്തോ?

കുടിച്ചുവന്ന ദിവസം, ഇടിയും മിന്നലും വർഷവും ആ വീടിന്നകത്ത് തിരുതകൃതിയായി നടക്കും. കലം തല്ലി ഉടയ്ക്കലും, ഭാര്യയുടെ തല ചുമരിൽ ചേർത്ത് ഇടിയ്ക്കലും, അങ്ങിനെ പോകും പ്രകാശം വീശുന്നതുവരെ. സന്ധ്യാനമസ്കാരവും പ്രഭാതനമസ്കാരവും മററും ആ വീട്ടിൽനിന്നും എത്രയോ ദൂരേയാണ് സ്ഥിതിചെയ്യുന്നതെന്നോ! അങ്ങിനെ ഒരു കർമ്മം ഉണ്ടെന്ന് ഓർക്കുവാനുള്ള സമയംപോലും ആ വീട്ടിൽ ആർക്കാണ് ലഭിക്കുക. വീട്ടുടയവൻ

ഇങ്ങിനേയുള്ള കള്ളുകുടമായിതീന്നാൽ! എങ്കിലും ആ വീടും ഇടവകരജിസ്റ്ററിൽ ചേർക്കപ്പെട്ടിട്ടുണ്ട്. അയാൾക്കും ഇടവകയോഗങ്ങളിൽ ഇരുന്ന് പള്ളിക്കാര്യങ്ങൾ പറയുവാൻ അനുവാദമുണ്ട്! ആ വീട്ടിലും പട്ടക്കാരൻ ചെന്ന് ആത്മീയ ശുശ്രൂഷകൾ നടത്തണം! അയാൾക്കും കൈക്കാരനായി പള്ളി ഭരിക്കുന്നതിനുള്ള അവകാശം നിഷേധിക്കപ്പെട്ടിട്ടില്ല!

ചിലപ്പോൾ നല്ല ദിവസങ്ങളിൽ മത്തായിച്ചേട്ടൻ സുബോധമുള്ളവനാണെങ്കിൽ ഭാര്യ ചോദിക്കും, "അപ്പഴേ, നാളെ ഞാറാഴ്ചയല്ലേ. ഒന്നു പള്ളിപ്പോണില്ലേ?"

"എടീ, നീ എന്തിനാ പള്ളീപോണെ. കണ്ട പെണ്ണുങ്ങളോട് തമസാരിക്കാനല്ലെ? ഞാനിവിടിരുന്നാ മതിയടീ" "എല്ലാവരും തമാരിക്കാനാ പള്ളീ പോണന്നാ, നങ്ങടെ വിചാരം"

"അല്ലാടീ. ദൈവത്തെ കാണാൻ"

"അതെ. അതിനന്ത്യാ പള്ളീപോണെ"

"എന്നാ നീയന്നേ പോയിട്ട് സ്വർഗ്ഗത്തിലേക്ക് കയറുമ്പോ നന്റെ കാലിൽ തൂങ്ങി ഞാനും കേറിക്കോണ്ട്" ഹ-ഹാ-ഹാ- എന്ന വിജയസൂചകമായ ഒരു ചിരിയും അഴിച്ചുവിട്ടാൽ പിന്നെ ഭർത്താവിനോട് അക്കാര്യം പറയേണ്ട ആവശ്യമില്ല എന്ന് ഭാര്യക്ക് അറിയാം.

പുരുഷന്മാർ അധികമായി ആത്മീയകാര്യങ്ങളിൽ പങ്കെടുക്കാതെ സ്ത്രീകളെമാത്രം പള്ളികളിലേക്കും, സുവിശേഷപ്രസംഗയോഗങ്ങളിലേക്കും അയക്കുമ്പോൾ മത്തായിച്ചേട്ടൻ പറയുന്നതുപോലെ, സ്വർഗ്ഗത്തിലേക്ക് കയറുവാൻ ഭാര്യമാരുടെ കാൽ തന്നെ പിടിക്കേണ്ടിവരും ഭർത്താക്കന്മാർക്ക്!

വിഭിന്ന ആദർശങ്ങളോടുകൂടിയ ഭാര്യാഭർത്താക്കന്മാരുടെ ജീവിതം സുഖസംമ്പൂർണ്ണമാകാറില്ല. രണ്ടു പേരുടേയും ഇഷ്ടാനിഷ്ടങ്ങൾ നല്ലതായാലും ചീത്തയായാലും ഒരു തരത്തിലല്ലെങ്കിൽ അവിടെയാണ് വടംവലി നടക്കുന്നതു്. മത്തായിച്ചേട്ടൻ പറയും "ഞാനാണ് കുടുംബം മുഴുവനും ഭരിക്കുന്നതെന്ന്" ഭാര്യ പറയും "ഞാനില്ലങ്കിൽ കാണാമായിരുന്നഎന്ന്" രണ്ടുപേരും ഒരുപോലെ ഉത്തരവാദിത്വം വഹിക്കുന്നുണ്ടെന്ന് തോന്നാതിരിക്കുമ്പോഴാണ് ആ കുഡുംബത്തിൽ കലഹബീജം തലപൊക്കുന്നതു്.

"ഞാനിവിടേയ്ക്കു വലിഞ്ഞുവന്നു കേറീതൊന്നുമല്ല; നങ്ങടെ ഈ തല്ലെപ്പള്ളാൻ"

"നന്റെ അപ്പനൊന്നും തന്നില്ലാടി നിനക്കു ഇബിടെ ഇരുന്നു തിന്നാൻ"

"തിന്നാൻതരാൻ വയ്യെങ്കി പിന്നെ ഇന്റെ കയിത്തിലെന്തിനാ താലിവെയ്ക്കാൻ പോയെ"

"അതോണല്ലടി നിനക്ക് തിന്നാൻ തരണതും" വിജയിയായി മത്തായിച്ചേട്ടൻ ഒരു ചിരിയും പാസ്സാക്കും. ഇങ്ങിനെ അവരും ദിനരാത്രങ്ങൾ തള്ളി നീക്കിക്കൊണ്ടിരുന്നു.

കുട്ടികൾ നാലായപ്പോൾ കിട്ടുന്ന വരുമാനമൊന്നും വീട്ടുചിലവിന്നു മതിയാകാതെ വന്നുതുടങ്ങി. മത്തായിച്ചേട്ടന്റെ കള്ളുകുടി, ചായകുടി, ബീഡികുടി മുതലായ കുടികൾ കഴിച്ച് നീക്കിബാക്കി കിട്ടുന്ന തുഛമായ സംഖ്യകൊണ്ട് സുഭിക്ഷമായി വീട്ടുചിലവുനടത്തുവാൻ, സാറാചേട്ടത്തി വിഷമിച്ചു. സ്വന്തം ഭർത്താവിൽനിന്നും നിരന്തരം കിട്ടിക്കൊണ്ടിരുന്ന പ്രഹരാദികഷായം ആ സ്ത്രീയുടെ ആരോഗ്യപോഷണത്തിന്ന് തെല്ലും യോജിച്ചിരുന്നില്ല. കഠിന യാതനകളും, വേദനകളും സഹിച്ചുകൊണ്ട് ആ പാവം തളർന്നു. ഈ ഗുരിതത്തിൽനിന്നും വിമോചിതയാകുവാൻ എന്തു വേണമെന്ന് അവൾ തലപുകഞ്ഞാലോചിച്ചു. ഭർത്താവിൽനിന്നും ഒരു മധുരമായ വാക്ക് ലഭിച്ചിരുന്നെങ്കിൽ - ആ പാവം ഓർത്തു. എന്താ

യാലും ഭർത്താവിൽനിന്നും അകന്നുപോകുവാൻ തന്നെ അവൾ തീരുമാനിച്ചു. ഒരു വീട്ട് വേറെ വാടകയ്ക്കെടുത്തു അവളും ഇളയ മൂന്നു കുട്ടികളുംകൂടി താമസം അങ്ങോട്ടു മാററുകയും ചെയ്തു.

മത്തായി അതിൽ സന്തോഷിക്കുകയാണു് ചെയ്തതു്. നാലുപേരുടെ ചിലവുസംഖ്യ അയാൾക്കു് ഇപ്പോൾ കൂടുതൽ കുടിക്കായി വിനിയോഗിക്കാമല്ലോ. അങ്ങിനെ അയാളും മൂത്തമകൻ വറുതുട്ടിയുംകൂടി കിട്ടുന്ന സമ്പാദ്യം കൊണ്ടു് തിന്നുകുടിച്ചു ജീവിച്ചു.

സാറാച്ചേട്ടത്തിയും മൂന്നു കുട്ടികളും കഷ്ടപ്പെട്ടു്, നിത്യവും കിട്ടാറുള്ള ആരോഗ്യനാശിനികഷായം കൂടാതെ ഉപജീവനം നയിച്ചു.

അനിയന്ത്രിതമായ ജീവിതം മത്തായിച്ചേട്ടനെ അധികം താമസിയാതെ അനാരോഗ്യവാനാക്കി. അയാൾ കിടപ്പിലായി. പനിയും ചുമയും വേർപിരിയാത്ത അയാളുടെ രണ്ടു സഖികളായി കൂടി. മകൻ വറുതുട്ടി എന്തു ചെയ്യും? ചാക്കോ മുതലാളിയുടെ ജോലിക്കു് പോകാതിരിക്കുന്നതുകൊണ്ടു്, മുതലാളി യാതൊന്നും കൊടുക്കുന്നുമില്ല. ജോലി ചെയ്തതിനുള്ള കൂലികൊടുക്കുക, എന്നുള്ളതല്ലാതെ, കൂടുതലൊന്നും ചെയ്യുവാൻ ആ മാന്യന്റെ നീതിബോധം തയ്യാറായിരുന്നില്ല! തന്റെ പ്രതാപവും ശക്തിയും ഇപ്പോൾ എന്തു പ്രയോജനം എന്നു് അയാൾ ഓർത്തു. കഴിഞ്ഞ ജീവിതത്തിലെ ഓരോ ഏടും മത്തായിച്ചേട്ടൻ മറിച്ചുനോക്കി. അനേകായിരം ക്രൂരപിശാചുക്കൾ വാ തുറന്നു് തന്നെ വിഴുങ്ങുവാൻ അടുക്കുന്നതായി അയാൾ കണ്ടു ഭയപ്പെട്ടു് നിലവിളിച്ചു

“വറുതുട്ടീ-വറുതുട്ടീ”

“എന്താ അപ്പാ” മൂത്ത മകൻ സമീപിച്ചു.

“എടാ ഇവരെ എല്ലാം ആട്ടി പുറത്തിറക്കെടാ.”

അവൻ നോക്കി; ആരേയും കാണുന്നില്ല മരിക്കാറായ രോഗികൾ പലതും പറയും എന്നു് അവൻ കേട്ടിട്ടുണ്ടു്. അവൻ ഭയപ്പെട്ടു് ഓടി വികാരിഅച്ചന്റെ പക്കൽ എത്തി. അദ്ദേഹം അപ്പോൾതന്നെ അവന്റെ കൂടെ മത്തായിയുടെ സമീപം ചെന്നു. ചെകുത്താനു കുരിശു കാണുമ്പോളുണ്ടാകുന്ന ഭയമായിരുന്നു അയാൾക്കു്, അയാളുടെ ആരോഗ്യസ്ഥിതിയിൽ വികാരിയെ കാണുമ്പോളുണ്ടായിരുന്നതു്. തന്റെ അക്രമങ്ങൾ ന്യായീകരിക്കാൻ അയാൾ വികാരിയെ നിഷേധിച്ചവനായിരുന്നു. ഇപ്പോൾ, ബ. അച്ചൻ അവിടെ ചെന്നതു വലിയ ആശ്വാസമായി അയാൾക്കു് തോന്നി. ആരോഗ്യവാനായി നടക്കുന്ന മനുഷ്യനുണ്ടോ ഓർക്കുന്നു, അവന്റെ ആരോഗ്യം പെട്ടെന്നു ഉടഞ്ഞുപോകുന്നതാണെന്നു്! അവൻ സിസ്സഹായനായി ഇളകുവാൻ വഹിയാത്തവനായി ഒരു ദിവസം കിടക്കേണ്ടിവരുമെന്നു്!

“അച്ചാ എനിക്കുവേണ്ടി പ്രാർത്ഥിക്കണം” ആ നിസ്സഹായൻ പറഞ്ഞു. ആപത്തിൽമാത്രം ദൈവത്തെ അന്വേഷിക്കുന്ന മനുഷ്യൻ സമ്പത്തിൽ ആ അദൃശ്യശക്തിയെ വിസ്മരിക്കുന്നു! അച്ചൻ അയാളെ സാന്ത്വനവചനങ്ങൾ കൊണ്ടു് ആശ്വസിപ്പിച്ചു. അയാൾക്കു സമാധാനമായി. രോഗികൾക്കുള്ള തൈലാഭിഷേക ശുശ്രൂഷയും അദ്ദേഹം നിർവ്വഹിച്ചു.

സ്വന്തം ഭാര്യ അടുത്തുണ്ടായിരുന്നെങ്കിൽ, അയാൾ ആഗ്രഹിച്ചു. “നീ തിന്നില്ലെങ്കിലും, അവളെ തീററണം! നീ ഉടുത്തില്ലെങ്കിലും അവളെ ഉടുപ്പിക്കണം!! വിവാഹാവസരത്തിൽ തനിക്കു നല്കപ്പെട്ട ദിവ്യോപദേശം അയാളുടെ ചെവികളിൽ മുഴങ്ങുന്നതായിതോന്നി. പക്ഷേ “ഞാൻ എന്തെല്ലാം എന്റെ ഭാര്യയോടു പറഞ്ഞു; അവളെ എത്രയധികം ഉപദ്രവിച്ചു. ഇനിയും അവൾ ഇവിടെ വരുമോ”? അയാളുടെ ചിന്താസരണി ഒഴുകിത്തുടങ്ങി.

രോഗത്തിൽ കിടക്കുന്ന, അവശനായി സ്ഥിതിചെയ്യുന്ന ഭർത്താവിനെ ഒന്നു കാണുവാൻ സാറ ആഗ്രഹിച്ചു. പക്ഷെ ആ ക്രൂര പ്രവൃത്തികൾ ഓർക്കുമ്പോൾ അവൾ ഭയപ്പെടും. ഭർത്താവിന്റെ നിഷ്ഠൂരപ്രവൃത്തികൾ അനുഭവിച്ചനുഭവിച്ചു് നിരാലംബയായ ഭാര്യ ഭർത്തൃസാമീപ്യം വെടിഞ്ഞു് അകന്നുപോകണമെങ്കിൽ അവൾ എത്രമാത്രം ദുരിതത്തീയ്യിലായിരിക്കാം എരിപൊരി കൊണ്ടിരുന്നതു്!

“അവൾ തന്റെ മാതാപിതാക്കളേയും ചാർച്ചക്കാരേയും വിട്ടു് ഭർത്താവിനോടു് ചേർന്നിരിക്കുന്നു. നിങ്ങൾ ഇരുവരും ഒരു ജഡമായിത്തീരും” അങ്ങിനെ വിശുദ്ധ വിവാഹക്രൂദാശയിൽ ഒരു ദേഹമാക്കപ്പെട്ടവർ ഒരു ജഡമായിത്തീരുന്ന അവസ്ഥയിലേക്കു് നമ്മുടെ ഭാര്യാഭർത്താക്കന്മാർ അധഃപതിച്ചുപോകുവാനുള്ള കാരണം, ഗൃഹജീവിതത്തിൽ രണ്ടുപേരും ഒരുപോലെ ശ്രദ്ധിക്കുകയോ അന്യോന്യം വിശ്വസിക്കുകയോ ചെയ്യുന്നില്ലെന്നുള്ളതുകൊണ്ടായിരിക്കണം.

അന്നൊരു ഞായറാഴ്ചയായിരുന്നു. വളരെക്കാലമായി പള്ളിയിൽ പോകാതിരുന്ന സാറ അന്നു് പള്ളിയിൽപോയി. കാണപ്പെടുന്ന ദൈവമായ ഭർത്താവിനെ ശുശ്രൂഷിക്കുവാൻ സാധിക്കാത്ത ഭാര്യ അദൃശ്യനായ ദൈവത്തെ ആരാധിക്കുവാൻ പള്ളിയിൽ പോകുന്നു! “ആരോടെങ്കിലും വഴക്കുണ്ടെങ്കിൽ നിന്റെ വഴിപാടു് ബലിപീഠത്തിൻ മുമ്പിൽ വെച്ചു് പോയി, ആ വഴക്കു തീർത്തുവന്നു് നിന്റെ വഴിപാടു് കഴിക്കുക” എന്നരുളിചെയ്തിട്ടുള്ള സർവ്വേശ്വരന്റെ സന്നിധിയിലേക്കു് സമാധാനബലിയിൽ പങ്കുകൊള്ളുവാൻ അവൾ പോയി!

“യാചിപ്പിൻ നിങ്ങൾക്കു ലഭിക്കും; അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും”എന്ന വാക്യത്തെക്കുറിച്ചു് ബ. പട്ടക്കാരൻ അന്നു് ഹൃദയസ്പൃക്കായ വിധത്തിൽ ഒരു ചെറുപ്രസംഗം ചെയ്തതിൽ സാറ അവളുടെ ജീവിതവും തെളിഞ്ഞുകണ്ടു. ഭർത്താവിന്റെ അടുക്കലേക്കു പോയാലോ എന്നു് നല്ല ബുദ്ധി അവളെ പ്രേരിപ്പിച്ചു. വേണ്ട; എന്തിനു പോകുന്നു; ദുഷ്ടബുദ്ധി അവളെ തടുത്തു. അങ്ങിനെ ഒരു പോരാട്ടം അവളുടെ മനസ്സിലുണ്ടായി.

വി. കുർബ്ബാന കഴിഞ്ഞയുടനെ അവൾ ബ. അച്ചന്റെ മുറിയിലേക്കാണു പോയതു്. അവളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ പ്രവഹിക്കുന്നുണ്ടായിരുന്നു. “സാറെ; നീ കരയണ്ട; നീ നിന്റെ ഭർത്താവിന്റെ അടുക്കലേക്കുതന്നെ പോയി അയാളുടെ ഈ രോഗാവസ്ഥയിൽ ശുശ്രൂഷിക്കുന്നതുതന്നെയാണു് നിനക്കു ഈ ലോകത്തിൽ ചെയ്യുവാനുള്ള കടമ. അതുകൊണ്ടു് അധികം താമസിക്കാതെ പോകൂ.”

“അച്ചനും കൂടെ വരണമെന്നാണു് എന്റെ ആഗ്രഹം”

“എന്നാൽ പോകാം. വരൂ”

പരീക്ഷാഹാളിലെ
— ഓട്ടുകൾ എണ്ണുന്ന കുട്ടി —

പരീക്ഷാഹാളിലെ കുട്ടി:- സാർ! ഇന്നത്തെ തീയതി എന്താണു്?

അദ്ധ്യാപകൻ:- തീയതിയെക്കുറിച്ചു വിഷമിക്കേണ്ട. ഉത്തരമെഴുതുന്നതാണു് പ്രധാനം.

കുട്ടി:- സാർ ഞാനെന്റെ ഉത്തരക്കടലാസിൽ എന്തെങ്കിലും ഒന്നു ശരിയായിട്ടെഴുതണ്ടേ എന്നു വിചാരിച്ചു ചോദിച്ചതാണു്!

P. K. D.

നല്ല മനുഷ്യന്റെ ചവിട്ടടികൾ

(ജെ. പി. തരിയതു്)

നാമെല്ലാവരും ഈ ലോകത്തിൽ യാത്രക്കാരാണ്. ഈ ലോകം നമ്മുടെ ശാശ്വതഭവനമല്ല. ലോകത്തെ നമ്മൾ എത്രതന്നെ സ്നേഹിച്ചാലും ശരി, അതിൽനിന്ന് വിട്ടുപോകുന്നതിന്ന് എത്രതന്നെ മനസ്സുകേടുണ്ടായാലും ശരി, നമ്മൾ ജീവിച്ചിരിക്കുന്ന ഓരോ നിമിഷത്തിലും നാം അറിയാതെ തന്നെ നമ്മുടെ നിത്യഭവനത്തിലേക്കു നമ്മൾ നീന്തിക്കൊണ്ടിരിക്കയാണ്; യാത്രചെയ്തുകൊണ്ടിരിക്കയാണ്. ഈ ലോകം നമ്മുടെ വിശ്രമസ്ഥലമായി സ്വീകരിപ്പാൻ നിവൃത്തിയില്ല. നമ്മുടെ ശാശ്വതമായ വിശ്രമസ്ഥലം പരലോകത്തിലാണ്. അങ്ങോട്ടുള്ള യാത്രയിലാണ് നമ്മൾ. അങ്ങനെയിരിക്കെ നമ്മൾ യാത്രചെയ്തുകൊണ്ടിരിക്കുന്നതു് ശരിയായ വഴിയിൽക്കൂടിയാണോ എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. നാം തിരഞ്ഞെടുത്തിരിക്കുന്ന പാത സുഗമമായതും, നല്ലതും, ഒടുവിൽ നമ്മെ ശരിയായി നാം എത്തേണ്ട സ്ഥലത്തേക്ക് നമ്മെ എത്തിക്കുന്നതുമാണോ എന്ന് ആലോചിക്കേണ്ടതാണ്. ഇതിനേക്കാൾ വിലയേറിയതും പ്രധാനമേറിയതും ആയ ഒരു പ്രശ്നം നമുക്കില്ല. എന്തുകൊണ്ടെന്നാൽ ഈ പ്രശ്നം നമ്മുടെ താൽക്കാലിക സുഖത്തെ മാത്രമല്ല നമ്മുടെ നിത്യാവസ്ഥയെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല, യഥാർത്ഥത്തിൽ സന്തോഷപ്രദവും, ആശ്വാസപ്രദവുമായ വഴിയിൽക്കൂടിയാണോ സഞ്ചരിക്കുന്നതെന്നും ചെന്നെത്തുന്ന സ്ഥലം അപകടം പിടിച്ചതായിരിക്കുമോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

“ഒരു നല്ല മനുഷ്യന്റെ ചവിട്ടടികൾ ദൈവത്താൽ വ്യവസ്ഥചെയ്യപ്പെടുന്നു. അവൻ അവന്റെ വഴിയിൽ സന്തോഷിക്കുന്നു. അവൻ വീണാലും നിലംപരിചാകയില്ല. യഹോവ അവനെ കൈക്കുപിടിച്ച് താങ്ങുന്നു.” (സങ്കീ. 37-ൽ 23-24) ഇതിൽ മൂന്നു സംഗതികൾ തെളിവായിക്കാണാം. ഒരു നല്ല മനുഷ്യന്റെ വഴിയുടെ മേന്മ, അവന്റെ ചവിട്ടടികളുടെ സ്ഥിരത ഏതിനാൽ അറിയപ്പെടുന്നു? അതിന്നുള്ള ഗുണവും സുഖവും ആശ്വാസവും എന്ത്?

ഒന്നാമതായി നാം കാണുന്നതു് യഹോവാ അവന്റെ ഗമനം സ്ഥിരമാക്കുന്നു എന്നതാണ്. രണ്ടാമതായി നാം കാണുന്നതു് അതിന്റെ സന്തോഷമാണ്. അപകടത്തിൽ നിന്നുള്ള രക്ഷയാണ് ആ വഴിയുടെ മൂന്നാമത്തെ ഗുണം. ഒരു നല്ല മനുഷ്യന്റെ ഗമനം, അവന്റെ ചവിട്ടടികൾ ദൈവത്താൽ സ്ഥിരമാക്കപ്പെടുന്നു. ഇതിനേക്കാൾ മീതെയായി എന്തുവേണം. “ഒരു നല്ല മനുഷ്യൻ” എന്നതിൽ നിന്നു സങ്കീർത്തനക്കാരൻ എന്താണ് വിപക്ഷിക്കുന്നതു്? മുപ്പത്തിഏഴാം സങ്കീർത്തനത്തിന്റെ ആദ്യഭാഗത്തു നോക്കാം “ദൈവത്തിൽ ശരണപ്പെട്ടു നന്മ ചെയ്യുക; ദൈവത്തിൽ സന്തോഷിക്ക; നിന്റെ വഴിയെ ദൈവത്തിന്നു സമർപ്പിക്ക; ദൈവത്തിൽ ആശ്വസിക്ക; അവനായി ക്ഷമയോടെ കാത്തിരിക്ക” ഇങ്ങനെ ചെയ്യുന്ന ഒരുത്തനെയാണ് സങ്കീർത്ത

നക്കാരൻ നല്ല മനുഷ്യൻ എന്ന് കരുതുന്നതു്. അതല്ലാതെ “നല്ലമനുഷ്യൻ” എന്നതു് മുഴുവനായും നല്ലവൻ എന്നർത്ഥമില്ല. കാരണം നല്ലവൻ ആരുമില്ല. ഒരുത്തൻപോലുമില്ല. “ദൈവമല്ലാതെ നല്ലവൻ ആരുമില്ല” (ലൂക്കൊ: 18-ൽ 19) ദൈവത്തെ സേവിക്കുന്നതിന്നായി തന്റെ ഹൃദയത്തെ കൊടുത്തിട്ടുള്ളവൻ, ദൈവത്തെ തന്റെ പങ്കായിട്ടു തിരഞ്ഞെടുത്തിട്ടുള്ളവൻ എന്നു മാത്രമെ “നല്ലമനുഷ്യൻ” എന്നതിന്നു അർത്ഥം കൊടുക്കേണ്ടു. സുവിശേഷങ്ങളിൽ പറഞ്ഞിട്ടുള്ള സാരപ്രകാരം നോക്കുന്നതായാൽ തന്റെ പാപം ക്ഷമിച്ചു കിട്ടുന്നതിന്ന് യേശുവിന്റെ അടുക്കൽ വന്നിട്ടുള്ളവനു, തന്റെ രക്ഷയുടെ ശരണം യേശുവിൽ വെച്ചിട്ടുള്ളവൻ, തന്റെ ജീവിതത്തിൽ തന്റെ യഥാർത്ഥ വിശ്വാസത്തെ സ്പഷ്ടമായി കാട്ടുന്നവൻ ഇങ്ങനെയുള്ളവനെ ഒരു നല്ല മനുഷ്യനായി കണക്കാക്കാം. ചുരുക്കിപ്പറഞ്ഞാൽ സത്യവിശ്വാസിയും ക്രിസ്തുവിന്റെ വിശ്വസ്ത ദാസനുമായ ഒരുത്തനെ, ഒരു നല്ല മനുഷ്യനായി കണക്കാക്കാം. അതിനാൽ തന്റെ യഥാർത്ഥ രക്ഷിതാവിനെ സ്നേഹിക്കുന്ന ഒരുത്തനും വിശുദ്ധവേദം ഒരു നല്ലമനുഷ്യന്റെ മുമ്പിൽ വെച്ചിരിക്കുന്ന വാഗ്ദത്തങ്ങളെക്കുറിച്ച് സംശയിക്കേണ്ടതില്ല- നിശ്ചയം.

ഒരു നല്ല മനുഷ്യന്റെ കാലടികൾ ദൈവത്താൽ നിയോഗിക്കപ്പെടുന്നു. ശരിയായ വഴിയെ തിരഞ്ഞെടുക്കുന്നതിന്നുള്ള കൃപ ദൈവം അവന്നു നൽകുന്നു. സ്വാഭാവികമായി അവൻ തന്റെ ഹൃദയസങ്കല്പങ്ങളെ അനുസരിച്ചായിരിക്കും നടക്കുക. എന്നാൻ തന്റെ വഴിയെ തിരഞ്ഞെടുക്കുന്നതിന്നും, ഇഷ്ടപ്പെടുന്നതിന്നും, അതിൽക്കൂടെ നടക്കുന്നതിന്നും ദൈവം അവനെ അദൃശ്യമായ തന്റെ ശക്തിയാൽ പ്രേരിപ്പിക്കുന്നു. ശരിയായ വഴിയിൽക്കൂടെ നടക്കുന്നതിന്ന് ദൈവസഹായം ആവശ്യമില്ല എന്നു കരുതി സ്വയ ഇഷ്ടത്തിന്നു വഴിപ്പെട്ടിട്ടുള്ളവർ എത്രമാത്രം അപകടങ്ങളും അമളികളുമാണ് പിണഞ്ഞിരിക്കുന്നതു് എന്നുള്ളതു് ഏററവും പരസ്യമായ ഒരു രഹസ്യം മാത്രമാണ്. പാലിക്കപ്പെടാതെ ഇരുന്നിട്ടുള്ള നിശ്ചയങ്ങളുടെയും തീരുമാനങ്ങളുടെയും പിന്നിൽക്കിടക്കുന്ന രഹസ്യമെന്താണ്? അവ മനുഷ്യരുടെ ശക്തിയിൽമാത്രം ആശ്രയിച്ചു നിശ്ചയിച്ചിട്ടുള്ള നിശ്ചയങ്ങളും തീരുമാനങ്ങളും ആണെന്നമാത്രം. ദിവസംതോറും നമ്മുടെ മുമ്പോട്ടുള്ള യാത്രയിൽ ഓരോ അടിവെക്കുമ്പോഴും ദൈവകൃപ അത്യാവശ്യമാണെന്നു നാം ഓർക്കണം. ആരംഭത്തിൽമാത്രം പോരാ. കൃപ അഥവാ കരുണ കൂടാതെ ഒരടി മുന്നോട്ട് വെക്കുവാൻ നമുക്ക് സാദ്ധ്യമല്ല. നില്പാനൊ, വീഴാതെ ഒരടി മുമ്പോട്ട് വെപ്പാനൊ ഒരുത്തനും സാദ്ധ്യമല്ല. പാപത്തിന്റെ മീതെയുള്ള നമ്മുടെ ഓരൊ ജയവും, നമ്മുടെ ഓരൊ ചുമതല നിറവേററലും, നാം ഉച്ചരിക്കുന്ന ഓരൊ നല്ലവാക്കും, നമ്മിൽ ഉണ്ടാകുന്ന ഓരൊ നല്ല വിചാരവും ദൈവം നമ്മിൽ പ്രവൃത്തിക്കുന്നതിന്റെ ഫലമാണ് നമ്മിൽ പ്രവർത്തിക്കുന്ന നന്മയായുള്ള സകല ആഗ്രഹങ്ങളും അവ നിറവേററുന്നതിന്നുള്ള ശക്തിയും ദൈവത്തിൽ നിന്നാണ്. ഈ സംഗതി നമ്മുടെ വിചാരങ്ങൾക്ക് ഒരു ദിവ്യസ്വഭാവവും നമ്മുടെ ജീവിതത്തിന്നു ഒരു ദിവ്യത്വവും നൽകേണ്ടതാണ്.

ഇത് കൊണ്ടുമായില്ല. ഒരു നല്ല മനുഷ്യന്റെ കാലടികൾ അഥവാ ചവിട്ടടികൾ ദൈവത്താൽ നിജപ്പെടുത്തപ്പെടുന്നു. അവനെ സംബന്ധിച്ച സകല സംഗതികളിലും അവന്റെ ഗുണത്തിന്നായി ദൈവം ഇടപെടുന്നു. അവന്റെ നന്മക്കും ആത്മാവിന്റെ ലാഭത്തിന്നും ഏററവും പററിയ പരിതസ്ഥിതികളിൽ ദൈവം അവനെ നിറുത്തുന്നു. അവൻ എങ്ങ

നെ നടക്കണമെന്നും ദൈവത്തെ എങ്ങനെ പ്രസാദിപ്പിക്കണമെന്നും ദൈവംതന്നെ അവനെ മനസ്സിലാക്കിക്കൊടുക്കുന്നു. പൊതുവായിമാത്രമല്ല, പ്രത്യേകമായി അവൻ വെയ്ക്കുന്ന ഓരോ കാലടിയും ദൈവം നിയോഗിക്കുമെന്നു ഒരു നല്ല മനുഷ്യൻ വിശ്വസിക്കുന്നു. നോക്കണം: എത്ര മഹത്വമേറിയതും ആശ്വാസകരമായതും ആയ വചനങ്ങൾ. "ഒരു നല്ല മനുഷ്യൻ" വെയ്ക്കുന്ന ഓരോ കാലടിയും ദൈവത്താൽ നിയോഗിക്കപ്പെടുന്നു. ഇന്നതെല്ലാമാണു് നമ്മുടെ മുൻപോട്ടുള്ള യാത്രയിൽ നമുക്കു ഉണ്ടാകുവാൻ പോകുന്നതെന്നു ദൈവം നമ്മെ മുൻകൂട്ടി അറിയിക്കുന്നില്ല. നമ്മൾ ദൈവത്തിൽ ആശ്രയിച്ചുംകൊണ്ടു മുമ്പോട്ടു പോകേണ്ടതാകയാൽ നമ്മുടെ യാത്രയിൽ നമുക്കു് യാതൊന്നും ഭയപ്പെടാനില്ല. ഒരു അപ്പനൊ അമ്മയൊ, തന്റെ കുഞ്ഞിനെ കൈക്കുപിടിച്ചു് വഴികാണിച്ചും കാൽച്ചുവടുകളെ ആപത്തുകളിൽ നിന്നു സൂക്ഷിച്ചും കൊണ്ടു പോകുന്നതു പോലെയാണു് ഒരു നല്ല മനുഷ്യനെ ദൈവം നടത്തുന്നതെന്നു നമ്മൾ ഓർക്കണം.

ഒരു നല്ല മനുഷ്യന്റെ വഴികളിൽ അവനു പ്രസാദം തോന്നുന്നു, സന്തോഷം ഉണ്ടാകുന്നു. ഇതിന്നു ദൈവത്തിന്നു പ്രസാദം തോന്നുന്നു എന്നും അല്ലെങ്കിൽ ആ നല്ലമനുഷ്യന്നു തന്നെ പ്രസാദം തോന്നുന്നു എന്നും ആവാം. ഏതുതരത്തിലായാലും വിരോധമില്ല. "ഞാൻ സർവ്വസമ്പത്തിലും എന്നപോലെ നിന്റെ സാക്ഷ്യങ്ങളുടെ വഴിയിൽ ആനന്ദിക്കുന്നു"(സങ്കീ: 119: 14) എന്നും "നിഷ്കളങ്കമാർഗ്ഗികളൊ, അവനു പ്രസാദം" (സുഭാ - 11: 20) എന്നും ആണല്ലൊ പറഞ്ഞിരിക്കുന്നതു്. ഒരു നല്ലമനുഷ്യന്നു ദൈവത്തിന്റെ വഴികളിൽ പ്രസാദം തോന്നുന്നു എന്നതർത്ഥമെടുക്കുന്നതായിരിക്കും കൂടുതൽ നല്ലതു്. ഒരു നല്ല മനുഷ്യന്നു അവന്റെ വഴികൾ സന്തോഷവും, രക്ഷയും, ഭദ്രതയും ഉള്ളതായി കാണപ്പെടുന്നു. വഴി ഒരുപക്ഷെ പ്രയാസമേറിയതും അപകടങ്ങളെക്കൊണ്ടു നിറഞ്ഞതും ആയിരിക്കാം. ഒരു ക്രിസ്ത്യാനിയുടെ യഥാർത്ഥ സന്തോഷം ബാഹ്യമല്ല. ആന്തരിയമാണു്. ലോകത്തെപ്പററിയും ലോകത്തിലും അല്ല അവന്റെ സന്തോഷം. അവന്റെ സന്തോഷം ദൈവത്തെപ്പററിയും ദൈവത്തിലുമാകുന്നു. അപകടങ്ങളുടെ മദ്ധ്യേ അവൻ ദൈവസാന്നിദ്ധ്യം അനുഭവിക്കുന്നുണ്ടാവാം. ആ സാന്നിദ്ധ്യം ലോകത്തിന്നു കൊടുപ്പാൻ കഴിയാത്ത സന്തോഷവും സംതൃപ്തിയും അവനു 'കൊടുക്കുന്നുണ്ടായിരിക്കും. "ദൈവത്തിന്റെ വഴിയിൽക്കൂടിയാണല്ലൊ ഞാൻ നടക്കുന്നതു്""എന്നുള്ളതും ബോദ്ധ്യമാണു്, വിശ്വാസമാണു് ഒരു നല്ല മനുഷ്യന്നുള്ളതു്. പരീക്ഷകളും പ്രയാസങ്ങളും അനുദിനമെന്നവണ്ണം അവനു ഉണ്ടായിക്കൊണ്ടിരിക്കാം. എങ്കിലും ഒരു നല്ല മനുഷ്യന്നു, ഒരു ക്രിസ്ത്യാനിക്കു് അതിൽ സന്തോഷം മാത്രമാണുള്ളതു്. "ഞങ്ങളുടെ സകല കഷ്ടതയിലും സന്തോഷം എനിക്കു കവിഞ്ഞിരിക്കുന്നു" (2 കോറ. 7-ൽ 4) എന്നും "ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ ഞങ്ങൾക്കു വരം നല്കിയിരിക്കുന്നു" എന്നും അല്ലയോ വി. പൌലൂസ് പറയുന്നതു്. ദൈവം നടത്തുന്ന വഴിയിൽക്കൂടെ നടക്കുന്ന ഒരു ക്രിസ്ത്യാനിയെ സന്തോഷിപ്പിക്കുന്നതിന്നു പ്രത്യേകമായൊരു കാരണമുണ്ടു്. അതു് ദൈവത്തിന്റെ സാന്നിദ്ധ്യം ഉണ്ടെന്നുള്ളതാണു്. ദൈവവഴിയിൽ നിന്നു തെററി ഒഴിഞ്ഞാൽ ഈ സാന്നിദ്ധ്യം ഇല്ലാതാകുന്നു. അപ്പോൾ അവന്റെ സന്തോഷവും ഭദ്രതാബോധവും നഷ്ടപ്പെടുന്നു.

വേറൊരു സംഗതിയുംകൂടി ആലോചിപ്പാനുണ്ടു്. അതു് ഒരു നല്ലമനുഷ്യന്റെ വഴിയുടെ

ഭദ്രതയാണു്; സുരക്ഷിതമായസ്ഥിതിയാണു്. "അവൻ വീണാലും നിലംപരിചാകയില്ല. യഹോവ അവനെ കൈക്കു പിടിച്ചു താങ്ങുന്നു". ഇതിനേക്കാൾ മീതെയായുള്ള, കവിഞ്ഞുള്ള ഒരു ഭദ്രത ഏതാണു്, എന്താണു്, എവിടെയാണു്, എങ്ങനെയാണു്? ഈ സങ്കീർത്തനത്തിന്റെ (37) മുൻഭാഗങ്ങൾ വായിപ്പാൻ അഭിവൃദ്ധിപ്പെടുന്ന ദുഷ്ടനെപ്പററി പറഞ്ഞിട്ടുള്ളതു് കാണാം. "കാര്യസാദ്ധ്യം പ്രാപിക്കുന്നവനേയും ദുരുപായം പ്രയോഗിക്കുന്നവനേയും കുറിച്ചു് നീ മുഷിയരുതു്" എന്നും 73-ാം സങ്കീർത്തനത്തിൽ" അവർ മർത്ത്യരെപ്പോലെ കഷ്ടത്തിൽ ആകുന്നില്ല; മററു മനുഷ്യരെപ്പോലെ ബാധിക്കപ്പെടുന്നതുമില്ല; അവരുടെ കണ്ണുകൾ പുഷ്ടികൊണ്ടു ഉന്തിനിൽക്കുന്നു - - -, ഇങ്ങനെ ആകുന്നു ദുഷ്ടന്മാർ". എന്നു പറഞ്ഞിരിക്കുന്നു. അതെ, അവർ വർദ്ധിക്കുന്നു. അവർക്കു് സമൃദ്ധിയായി ഉണ്ടാകുന്നു. എന്നാൽ അവർ സുരക്ഷിതമായി ഇരിക്കുന്നുവൊ? സങ്കീർത്തനക്കാരൻ എന്തു പറയുന്നു എന്നു നോക്കാം. നിശ്ചയമായി നീ അവരെ വഴുവഴുപ്പിൽ നിറുത്തുന്നു; നീ അവരെ നാശത്തിൽ തള്ളിയിടുന്നു; എത്ര ക്ഷണത്തിൽ അവർ ശൂന്യമായിപ്പോയി. "(സങ്കീ. 73: 18: 19) എന്നും" അവർ പുല്ലുപോലെ വേഗത്തിൽ ഉണങ്ങി പച്ചച്ചെടിപോലെ വാടിപ്പോകുന്നു. "(സങ്കി, 37: 2) എന്നും" കുറഞ്ഞൊന്നു കഴിഞ്ഞിട്ടു് ദുഷ്ടൻ ഇല്ല; നീ അവന്റെ ഇടം സൂക്ഷിച്ചുനോക്കും, അവനെ കാണുകയില്ല" (സങ്കീ. 37-ൽ 10) എന്നും അല്ലയൊ പറയുന്നതു്. എന്നാൽ ഒരു നല്ലമനുഷ്യന്റെ അവസ്ഥയെന്തു്? "അവൻ വീണാലും നിലംപരിചാകയില്ല; യഹോവ അവനെ കൈപിടിച്ചു താങ്ങുന്നു.". (സങ്കീ. 37-ൽ 24).

ഇപ്പോൾ ഏതു വഴിയാണു് ഉത്തമമായതു്? ദൈവത്തിന്റെ വഴിയൊ പാപത്തിന്റെ വഴിയൊ? ആരുടെ വഴിയാണു് സുരക്ഷിതമായതു്? നല്ല മനുഷ്യന്റെ വഴിയൊ ദുഷ്ടന്റെയൊ? ദൈവം നല്ലവനു പങ്കുനിൽക്കുന്നപോലെതന്നെ ദുഷ്ടന്നു വിരോധമായിനിൽക്കുന്നു. ദൈവം ദുഷ്ടനെ നശിപ്പിക്കും. നല്ലവനെ തന്റെ വാഗ്ദത്തമനുസരിച്ചു രക്ഷിക്കയും ചെയ്യും. നല്ലവൻ വീഴുമായിരിക്കാം. ലോകദൃഷ്ട്യാ അവൻ മോശക്കാരനായി തീർന്നേക്കാം. എങ്കിലും അവൻ നിലംപരിചാകാൻ ദൈവം സമ്മതിക്കയില്ല. ദൈവം നിശ്ചയമായും അവനു് സഹായം അരുളും. "കർത്താവു് ഭക്തന്മാരെ പരീക്ഷയിൽനിന്നു വിടുവിപ്പാനും നിതീകെട്ടവരെ, മലിനമോഹംകൊണ്ടു ജഡത്തെ അനുസരിച്ചു നടക്കയും കർത്തൃത്വത്തെ നിന്ദിക്കുകയും ചെയ്യുന്നവരെത്തന്നെ ന്യായവിധി ദിവസത്തിലെ ദണ്ഡനത്തിന്നായി കാപ്പാനും അറിയുന്നുവല്ലോ "(2 പത്രോ. 2-ൽ 9, 10) "നീതിമാന്റെ അനർത്ഥങ്ങൾ വളരെ ആകുന്നു. അവ എല്ലാററിൽനിന്നും യഹോവ അവനെ വിടുവിക്കുന്നു" (സങ്കീ. 34-ൽ19).

പ്രിയ വായനക്കാരാ നിന്റെ വഴികൾ, നിന്റെ കാൽച്ചുവടുകൾ, നിന്റെ ചവിട്ടടികൾ ദൈവത്താൽ നിജപ്പെടുത്തപ്പെട്ടിട്ടുണ്ടൊ? നീ ദൈവത്തിന്റെ വഴികളിലാണൊ നടക്കുന്നതു്? ആലോചിച്ചുനോക്കുക.

"തങ്കത്തേക്കാൾ ജ്ഞാനം സമ്പാദിയ്ക്കുന്നതു എത്ര നല്ലതു്! വെള്ളിയെക്കാൾ വിവേകം സമ്പാദിക്കുന്നതു എത്ര ഉത്തമം!" സദൃശവാക്യങ്ങൾ. 16: 16.

"നാശത്തിനുമുമ്പെ ഗർവ്വം; വീഴ്ചയ്ക്കു മുമ്പെ ഉന്നതഭാവം" സദൃശവാക്യങ്ങൾ. 16:18.

ഈ വാക്യങ്ങൾ നിങ്ങളുടെ ജീവിതപരിശ്രമങ്ങളുടെ മുമ്പിൻ എന്നും ഉണ്ടായിരിക്കട്ടെ.

എന്നു്, സ്വന്തം കൊച്ചേട്ടൻ.

കുട്ടികൾക്ക്

★ കള്ളന്റെ മാനസാന്തരം ★

കഥ S. P.

ഒരിക്കൽ ഒരാൾ ഒരു സാധുവിന്റെ വീടിന് സമീപത്തുകൂടി പതുങ്ങിനടക്കുന്നതു ആ വീട്ടുടമസ്ഥൻ കണ്ടു. അപ്പോൾ സമയം സന്ധ്യയായിരുന്നു അതിനാൽ പതുങ്ങി നടക്കുന്നതു ഒരു മോഷ്ടാവുതന്നെയായിരിക്കണമെന്നു ആ ഗൃഹനായകൻ നിശ്ചയിച്ചു. അവൻ തന്റെ പുത്രിയെ വിളിച്ച് ഇപ്രകാരം ഉറക്കെ പറഞ്ഞു “മകളെ! ഇപ്പോൾ കള്ളന്മാരുടെ ശല്യം വളരെയുണ്ട്; അതുകൊണ്ടു നമ്മുടെ ഓട്ടുപാത്രങ്ങളും മററും തട്ടിൻപുറത്ത് (മച്ചിൻ മുകളിൽ) വച്ചേക്കൂ; ഒന്നും പുറത്തു വച്ചിരിക്കണ്ട.” മകളാകട്ടെ ഒന്നും മറുപടി പറഞ്ഞില്ല. ഇതു കേട്ടപ്പോൾ കള്ളൻ ഉള്ളിൽ ചിരിച്ചു. കാരണമെന്താ? ഒരു കള്ളനു മോഷ്ടിക്കേണ്ട സാധനങ്ങൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലം നിശ്ചയംവന്നാൽ എന്തു എളുപ്പമായി!

അന്നുതന്നെ പാതിരാത്രിയായപ്പോൾ ആ കള്ളൻ പുരമുകളിൽ കയറി. മേച്ചിൽ പൊളിച്ച് മച്ചിൻ മുകളിലേക്കിറങ്ങുവാൻ സൗകര്യംനോക്കി. ഒരു കഴുക്കോലിന്മേൽ പിടിച്ച് കീഴ്പോട്ടു തൂങ്ങി. മച്ചിന്റെ നിരപ്പും അവന്റെ പാദവും തമ്മിൽ വളരെ കുറച്ചുകലം മാത്രമേയൊള്ളു എന്നവൻ കണക്കുകൂട്ടി. ശബ്ദമുണ്ടാക്കാതെ, മച്ചിന്റെനിരപ്പിലേക്കു പതുക്കെ കാലുകൾ വയ്ക്കുവാൻ തക്കവണ്ണം കഴുക്കോലിൽ നിന്നും പിടിവിട്ടു. എന്തൊരത്ഭുതം! ആ മോഷ്ടാവ് വീട്ടുടമസ്ഥന്റെ കട്ടിലിന്റെമുമ്പിൽ “പിത്തോന്നു്” വീണു. എല്ലാവരും പരിഭ്രമിച്ചെഴുന്നേററു, വിളക്കുകൊളുത്തി. ആ കള്ളൻ കാലനക്കുവാൻ പാടില്ലാതെ താഴെ കിടക്കുന്നതാണവർ കണ്ടതു്. കിടക്കുക മാത്രമല്ല, വീട്ടുടമസ്ഥനെ ശകാരിക്കുകയും ചെയ്യുന്നു. അവൻ പറയുകയാണു് “ഹും മച്ചിട്ടിരിക്കുന്നു; താൻ മച്ചിട്ടിരിക്കുന്നു” അതിനു ഗൃഹനായകൻ ചോദിച്ചു “എടാ, എന്റെ പുരയ്ക്കു മച്ചിട്ടില്ലങ്കിൽ തനിക്കെന്തോണു് നഷ്ടം?” സംഗതിയെന്താണെന്നു മനസ്സിലായൊ? ആ പുരക്കു മച്ചുണ്ടായിരുന്നതേയില്ല, പാത്രങ്ങളെല്ലാം മച്ചിൻമുകളിൽ വച്ചിരിക്കുവാൻ വീട്ടുടമസ്ഥൻ ഉറക്കെ പറഞ്ഞതു്, ഇപ്രകാരം ആ കള്ളനെ ശിക്ഷിക്കുവാൻവേണ്ടിയായിരുന്നു.

അനന്തരം അവർ ആ മോഷ്ടാവിന്റെ കാലിൽ എണ്ണ പുരട്ടി തിരുമ്മിക്കൊണ്ടു പറഞ്ഞു “ആരുടേയും സാധനങ്ങൾ മോഷ്ടിക്കരുതു്” എന്നാണു ദൈവകല്പന. അതിനു വിപരീതമായി പ്രവർത്തിച്ചാൽ ഇങ്ങനെയെല്ലാം അനുഭവിക്കേണ്ടിവരും. എന്തിനു പറയുന്നു. ആ വീട്ടുടമസ്ഥന്റെ ഉപദേശം ഹേതുവായി ആ മോഷ്ടാവു് മാനസാന്തരപ്പെട്ടു. പിന്നീടവൻ മോഷ്ടിക്കുവാൻ പോയിട്ടില്ല. അവൻ ദൈവത്തിനായി ജീവിച്ചു.

SION SANDESAM
Yearly Subscription Rs. 3.
Specimen Copy (Stamp for 5 Annas.)
For Copies apply to:-
MANAGER
SION SANDESAM KORATTY.

★ മലബാർ വാർത്തകൾ ★

“മാർ അത്താനാസ്യോസ് സുവിശേഷ സംഘം”

മലബാർ.

മലബാറിലുള്ള ജനങ്ങളുടെ ഇടയിൽ ആത്മീയമായി കർത്തൃനാമത്തിൽ സംഘടിച്ച് പ്രവർത്തിക്കുവാൻ തക്കവണ്ണം നി. വ. ദി. ശ്രീ. പൌലൂസ്സ് മാർ സേവേറിയോസ്സ് മെത്രാപ്പോലീത്താ തിരുമനസ്സിലെ രക്ഷാധികാരത്തിൽ സുൽത്താൻ ബത്തേരി കേന്ദ്രമാക്കി സ്ഥാപിതമായിരിക്കുന്ന സുവിശേഷ സംഘത്തെപ്പററി ഇതിനകം “സീയോൻ സന്ദേശം” ബന്ധുക്കളും അറിഞ്ഞിരിക്കുമല്ലോ. വയനാടിന്റെ വിവിധ ഭാഗങ്ങളിൽ ശാഖകൾ സംഘടിപ്പിച്ച് ആത്മീയമായ പ്രവർത്തനങ്ങൾ നടത്തുന്നതിനാണു് സംഘം ഭാരവാഹികൾ തൽക്കാലം തീരുമാനിച്ചിരിക്കുന്നതു്. മീനങ്ങാടി, കല്ലുമുക്ക്, ബത്തേരി, എരുമാട്, മലങ്കരക്കുന്നു് എന്നീ ഇടവകകളിൽ ഇതിനകം ശാഖകൾ സ്ഥാപിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കയും ചെയ്തിരിക്കുന്നു. സംഘത്തിന്റെ ഓർഗനൈസിങ്ങ് സെക്രട്ടറി, മി. കെ. ജി. വറുഗീസ്സ് ഉൾപ്പെടെ പ്രവർത്തകന്മാർ വിവിധ സ്ഥലങ്ങളിൽ സഞ്ചരിച്ച് പ്രവർത്തിച്ചുവരുന്നുണ്ടു്. “കൊയ്ത്തു വളരെയുണ്ടു് വേലക്കാരോ ചുരുക്കം” എന്നരുളിച്ചെയ്തിരിക്കുന്നതു മലബാറിനെ സംബന്ധിച്ചിടത്തോളം തികച്ചും പരമാർത്ഥമാണു്. “നിങ്ങൾ ലോകം ഒക്കെയും പോയി സുവിശേഷം ഘോഷിപ്പിൻ, ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയുണ്ടു്” എന്നരുളിച്ചെയ്തിരിക്കുന്ന നമ്മുടെ കർത്താവു് ഈ സുവിശേഷപ്രസ്ഥാനത്തെ തിരുനാമമഹത്വത്തിനൊത്തവണ്ണം നടത്തുമെന്നുള്ള ഏകവിശ്വാസത്തിൽ ഇതിന്റെ എളിയ പ്രാരംഭപ്രവർത്തകരായ ഞങ്ങൾ മുമ്പോട്ട് ഇറങ്ങിയിരിക്കയാണു്. വന്ദ്യ തിരുമനസ്സിലെ കല്പനയനുസരിച്ച് ബ: വൈദീകരും വിശ്വാസികളും നിസ്വാർത്ഥമായി സംഘത്തിന്റെ പ്രവർത്തനത്തിൽ സഹകരിക്കുമെന്നു വിശ്വസിക്കുന്നു.

എന്നു്, ജനറൽ സെക്രട്ടറി,
ഫാദർ മത്തായി നൂറനാൽ,
സുൽത്താൻ ബത്തേരി,

എരുമാട്

26-9-53 ശനിയാഴ്ച സ്ഥലം സെന്റ് ജോർജ്ജു പള്ളിയിൽവെച്ച് വി. കുർബ്ബാനാനന്തരം ബ. എൻ. വി. മത്തായി കശീശ്ശായുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയും മാർ അത്താനാസ്യോസ് സുവിശേഷസംഘത്തിന്റെ ശാഖ സ്ഥലത്തു സ്ഥാപിച്ച് ആത്മീയമായ പ്രവർത്തനങ്ങൾനടത്തുവാൻ തീരുമാനിക്കയുംചെയ്തു.

* * * *

കല്ലുമുക്ക്

കല്ലുമുക്ക് മാർ ഗ്രീഗോറിയോസ് സ്മാരകാലയത്തിൽവെച്ച് മാർ അത്താനാസ്യോസു സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിൽ പ്രാർത്ഥനായോഗങ്ങൾ, സൺഡേസ്കൂൾ തുടങ്ങിയ ആത്മീയ പ്രവർത്തനങ്ങൾ തുടർച്ചയായി നടത്തിവരുന്നു. തന്മൂലം സ്ഥലവാസികളിൽ പൊതുവേയും യുവാക്കന്മാരിൽ പ്രത്യേകിച്ചും ആത്മീയമായ ഉണർവ്വ് ഉണ്ടായിട്ടുണ്ടു് എന്നുള്ളതു് പ്രത്യേകം സന്തോഷാവഹമത്രെ.

SION SANDESAM Registered No. M: 6350

മാർ അത്താനാസ്യോസ് സുവിശേഷസംഘം

പൊതുസമ്മേളനം

ഒക്ടോബർ 3-ാംതീയതി മലങ്കരക്കുന്നപള്ളിയിൽവെച്ചു് മാർ ബസേലിയോസ്സ് ബാവായുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചു് വി: കുർബ്ബാനാനന്തരം സംഘത്തിന്റെ ഒരു പൊതുസമ്മേളനം ബ: പി. വി. പൌലൂസ്സ് കശീശായുടെ അദ്ധ്യക്ഷതയിലും വയനാട്ടിലുള്ള ബ: വൈദീകരുടെ സാന്നിദ്ധ്യത്തിലും നടത്തിയിരിക്കുന്നു. മലബാറിൽ ഇപ്രകാരമുള്ള ഒരു സുവിശേഷപ്രസ്ഥാനത്തിന്റെ ആവശ്യകതയെപ്പററിയും ഓരോ ക്രിസ്ത്യാനിയും സുവിശേഷപരമായി ഉണന്നു പ്രവത്തിക്കേണ്ടതിനെപ്പററിയും മററും വിശ്വാസികൾക്കു് ബോദ്ധ്യംവരുമാറു് യോഗം അനുഗ്രഹപ്രദമായിരുന്നു.

BOOK REVIEW

ദൈവമാതാവിന്റെ ജീവചരിത്രം

പ്രസ്ഥാനങ്ങളാലും മദ്ധ്യസ്ഥപ്രാത്ഥനകളാലും മററും വി. മാതാവിനോടു് ഭക്തിബഹുമാനാദരവുകൾ വർദ്ധിച്ചുവരുന്ന ഈ കാലയളവിൽ ആ ഭാഗ്യവതിയുടെ പുണ്യചരിതം വായിക്കുകയെന്നുള്ളതു് അനുഗ്രഹപ്രദമായ ഒന്നുതന്നേയാണു്. മലയാളവേദശാസ്ത്ര സാഹിത്യസംഹിതയിലേക്കു് ഇതിനകം പലതും സമപ്പിച്ചു് മലങ്കരയ്ക്കു് സുപരിചിതനായ ശ്രീ. കെ.എ.ജേക്കബ്ബ്, കുമരകം അവർകളുടെ "ദൈവമാതാവിന്റെജീവചരിത്രം" വിരളമായിരിയ്ക്കുന്ന ക്രിസ്തീയ ഗ്രന്ഥസമുച്ചയത്തിന്റെ അംഗത്വം വർദ്ധിപ്പിക്കുന്നുണ്ടു്. ആയതിൽ ശ്രീ. ജേക്കബ്ബ് അഭിനന്ദാഹ്ൻ തന്നെ. ഇരുപതു് അദ്ധ്യായങ്ങളിലായി വി. മാതാവിന്റെ ജനനം മുതൽ ദേഹവിയോഗം വരേയുള്ള സംഗതികൾ കാര്യമാത്രപ്രസക്തമായ രീതിയിൽ വിവരിച്ചിരിയ്ക്കുന്നു. കൂട്ടത്തിൽ ക്രിസ്തുവിന്റേയും ജനനം, യൌവ്വനം, മരണം ആദിയായവയും, വി: പിതാക്കന്മാരുടെ ഉദ്ധരണികൾ ഗ്രന്ഥത്തിന്റെ ബഹുമാന്യത വർദ്ധിപ്പിക്കുന്നുണ്ടു്. എന്നാൽ അപൂവ്വമായിട്ടാണെങ്കിലും ചില അവസരങ്ങളിൽ കാണുന്ന ആവത്തനങ്ങൾ ആസ്വാദ്യകരമായ പരായണത്തിൽ അസുഖം സൃഷ്ടിക്കുന്നു. കമനീയ പുറംചട്ടയോടു കൂടി മദ്ധ്യസ്ഥപ്രാത്ഥനകൾ അടക്കം 118 പേജുകളുള്ള ഈ പുസ്തകത്തിനു് ഒരു ഉറുപ്പിക മാത്രമാണു് വില നിശ്ചയിച്ചിട്ടുള്ളതു്. മാതാവിന്റെ മാതൃകാപരമായ ജീവിതത്തെക്കുറിച്ചറിയാൻ ആഗ്രഹിക്കുന്നവർ ഈ ഗ്രന്ഥം ഒരിക്കലെങ്കിലും വായിച്ചിരിക്കേണ്ടതാണു്. —V

മഞ്ഞപ്രപ്പെരുന്നാൾ

മഞ്ഞപ്ര യാക്കോബായ സുറിയാനിപ്പള്ളിയിൽ ആണ്ടുതോറും നടത്തിവരാറുള്ള തുലാം 24-ാംനു- പെരുന്നാൾ പതിവിൻപടി തുലാം 24-ാംനു- തന്നെ (നവമ്പർ 6-ാംനു-) നടത്തപ്പെടുന്നതാണെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

എന്നു്, വികാരി,

അറയ്ക്കപ്പറമ്പിൽ നെട്ടന്തള്ളിൽ വറുഗീസ് കത്തനാർ

Printed at PRABHATHAM PRESS TRIPUNITTURA and published by Rev: Deacon Joseph Vendrappilly from Sion Seminary, Koratty, T. C. State, S. India.
Editor: Rev. Fr. N. K. KORATHU.